കേരളപാഠാവലി

# മലയാളം

ഭാഗം - 2

## സ്റ്റാൻഡേർഡ് IV



കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്


തയ്യാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2025

# ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ !

# പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

Prepared by :

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT, First Edition : 2024
Printed at : KBPS, Kakkanad, Kochi-30

© Department of General Education, Government of Kerala

പ്രിയപ്പെട്ട കൂട്ടുകാരേ,

നിറഞ്ഞ സന്തോഷത്തോടെയും
അഭിമാനത്തോടെയും പുതിയ
മലയാള പാഠപുസ്തകം കൂട്ടുകാർക്ക്
സമർപ്പിക്കുന്നു.

വായിച്ചുരസിക്കാനും
ഭാഷയുടെ വിസ്മയം നുകരാനും
വഴിതുറക്കുന്ന കഥകളും കവിതകളും
മറ്റുമാണ് ഇതിലുള്ളത്.

അറിഞ്ഞും പങ്കുവച്ചും
കൂട്ടായ അനുഭവങ്ങളിലൂടെ
അറിവു നിർമ്മിക്കാൻ
ഈ പാഠപുസ്തകം സഹായിക്കും.

അതിലൂടെ
പുതിയ ചിന്തയുടെ ചന്തവും
ഭാഷയുടെ മധുരവും കൈവശമാക്കാൻ
ഓരോരുത്തർക്കും സാധിക്കട്ടെ.

സ്നേഹത്തോടെ,

**ഡോ. ആർ. കെ. ജയപ്രകാശ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി. കേരളം



# പാഠപുസ്തക രചന
## ശില്പശാലയിൽ പങ്കെടുത്തവർ

**ഡോ. ഗംഗാധരൻ എം. വി.**
റിട്ട. സീനിയർ ലക്ചറർ,
ഡയറ്റ്, കാസർഗോഡ്

**രാജൻ എം. വി.**
റിട്ട. പ്രൈമറി ഹെഡ്മാസ്റ്റർ,
അർഘ്യം, എരവിമംഗലം,
മലപ്പുറം

**ബിന്ദു എസ്.**
ലക്ചറർ, ഡയറ്റ്,
മലപ്പുറം

**അച്ച്യുതാനന്ദ ജിനേഷ് എൽ. വി.**
ജി എൽ പി സ്കൂൾ
കുന്നക്കാവ്,
മലപ്പുറം

**ശാലിനി തങ്കച്ചൻ**
ഗവ. എൽ പി സ്കൂൾ
മുണ്ടക്കൈ, വയനാട്

**അജോയ് ശങ്കർ ബി.**
ബി ആർ സി ട്രെയിനർ,
ഷൊർണൂർ,
പാലക്കാട്

**രാമൻകുട്ടി വി.**
റിട്ട. പ്രൈമറി ഹെഡ്മാസ്റ്റർ,
വടക്കേടത്ത്, വെള്ളിനേഴി, പാലക്കാട്

**കൃഷ്ണദാസ് എം.**
റിട്ട. പ്രൈമറി ഹെഡ്മാസ്റ്റർ,
മുണ്ടക്കണ്ണി, കാരാക്കുറുശ്ശി, പാലക്കാട്

**ശ്രീരഞ്ജു ജി.**
ഗവ. ഹൈസ്കൂൾ, കോഴഞ്ചേരി
പത്തനംതിട്ട

**ശ്രീനേഷ് പി.**
പനങ്ങാട് നോർത്ത്
എ യു പി സ്കൂൾ, കോഴിക്കോട്

**അപർണ എ. കെ.**
ഗവ. ഹയർസെക്കണ്ടറി സ്കൂൾ
കുഞ്ഞോം, വയനാട്

**രജിത രാജ് ആർ.**
ഗവ. ടൗൺ യു പി സ്കൂൾ
ആറ്റിങ്ങൽ, തിരുവനന്തപുരം

**സിജാറാണി ആർ. എസ്.**
ജി എച്ച് എസ് എൽ പി സ്കൂൾ
പേരൂർക്കട, തിരുവനന്തപുരം

---

## ചിത്രരചന
ശ്രീജ പള്ളം, ഹിമ പി. ദാസ്, ജെയ്ൻ,
അനന്യ എസ്. സുഭാഷ് (വിദ്യാർഥിനി), വിശ്വതി ചെമ്മന്തട്ട
അരുണ ആലഞ്ചേരി, സീമ സി. ആർ. പഞ്ചവർണം,
ആനന്ദവല്ലി ടി. കെ, ബിയാങ്ക ജെൻസൻ (വിദ്യാർഥിനി)

## രൂപകല്പന
ശ്രീലേഷ് കുമാർ

## അക്കാദമിക് കോഡിനേറ്റർ

**രാജേഷ് എസ്. വള്ളിക്കോട്**
റിസർച്ച് ഓഫീസർ, എസ് സി ഇ ആർ ടി കേരളം

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012



# ഉള്ളടക്കം


**4. കളിക്കാം ചിരിക്കാം .................... 87-104**

കളിമേളം.................................................. 90-104

**5. നന്നാവാനൊന്നാവാം................ 105-126**

വിരുന്നൊരുക്കാം ................................107-117

കൂടുതുറക്കാം........................................118-126

**6. പിന്നിട്ട പാതകൾ ....................... 127-150**

ജീവനായ നാട് .................................. 129-142

ഓർമ്മകളുണരുമ്പോൾ.................... 143-150






# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1][**പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി**] സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# 4
# കളിക്കാം ചിരിക്കാം





വാതിൽ

## കളിമാറാപ്പ്

തകത്തെയ് തക തകത്തെയ് തക
തകത്തെയ് തക തെയ്... താരം
തകത്തെയ് തക തകത്തെയ് തക
തെയ്... തെയ് താരം.

എവിടെ നിന്നു വരുന്നു നീ
നാടോടീ... നിന്റെ
മാറാപ്പിൽ എന്തൊക്കെ?
തെയ്... തെയ് താരം.

മലനാടും താണ്ടി വന്നു
കൂട്ടരേ... ഞാൻ, എന്റെ
മാറാപ്പിൽ കളികളാണ്
തെയ്... തെയ് താരം.

തലപ്പന്ത്, കുഴിപ്പന്ത്
ഇട്ടൂലി പാത്തൂലി
അമ്മാനക്കളികളുണ്ട്
തെയ്... തെയ് താരം.







ഉപ്പുകളി, തൊട്ടുകളി
ഗോലികളി, ഏറുപന്ത്
കണ്ണുകെട്ടിക്കളികളുണ്ട്
തെയ്... തെയ് താരം.

തകത്തെയ് തക തകത്തെയ് തക
തകത്തെയ് തക തെയ്... താരം
തകത്തെയ് തക തകത്തെയ് തക
തെയ്... തെയ് താരം.



- കവിത താളമിട്ടുചൊല്ലി അവതരിപ്പിക്കൂ.
- കളിക്കാൻ കൊതിക്കാത്തവരില്ല. കളി എല്ലാവർക്കും ഇഷ്ടമുള്ളതാകാൻ കാരണമെന്ത്?
- പുതിയ കളികളുടെ പേരുകൾ ചേർത്ത് ഈ കവിതയുടെ താളത്തിൽ വരികളെഴുതൂ.





# കളിമേളം

കളി, കഥയിലേക്ക്
പകർന്നേറുകയാണിവിടെ.
നാട്ടിൽനിന്ന് കാട്ടിലേക്കും
കളി പരന്നെത്തുന്നു.

## കാട്ടിലെ കായികോത്സവം

മൊബൈൽഫോണുമായി
നാടുചുറ്റാനിറങ്ങിയതായിരുന്നു വ്ലോഗർ
കുഞ്ഞരിപ്രാവ്. കാടരിക് എൽ പി സ്കൂൾ
ഗ്രൗണ്ടിൽനിന്ന് മൈക്ക് അനൗൺസ്മെന്റ് കേട്ടു.
ഇതെന്ത് കളി! അവൾ അങ്ങോട്ടുപറന്നു.



ഭക്ഷണപ്പുരയോടുചേർന്നുള്ള വരിക്കപ്ലാവിന്റെ ഉയർന്ന കൊമ്പിൽത്തന്നെ അവൾ ചെന്നിരുന്നു. അവിടെയിരുന്നാൽ സ്കൂളിലെ കാഴ്ച മുഴുവൻ ഒപ്പിയെടുക്കാം.

ഓട്ടമത്സരം, കസേരകളി, ചാക്കുചാട്ടം, നാരങ്ങാസ്പൂൺ, ലോങ്ജംപ്... മൊത്തത്തിൽ കളിമേളം തന്നെ! കുഞ്ഞരിപ്രാവ് ആ കളികളെല്ലാം മൊബൈലിൽ പകർത്തി. ഓട്ടമത്സരത്തിന്റെ ലൈവ് വീഡിയോ യൂട്യൂബിലിടുകയും ചെയ്തു.

കാട്ടിൽ തിരിച്ചെത്തിയപ്പോഴേക്കും കറുകപ്പുൽമൈതാനത്ത് സായാഹ്നസഭയുടെ സമയമായിരുന്നു. എല്ലാ മൃഗങ്ങളും ഒന്നിച്ചുവന്നാലും പിന്നെയും പന്തുകളിക്കാനുള്ള സ്ഥലം ബാക്കിയുണ്ടവിടെ!

കാട്ടിലിപ്പോൾ പഴയപോലെ രാജഭരണമല്ല. ലോറ എന്ന പെൺസിംഹത്തിനാണ് കാടിന്റെ ഭരണച്ചുമതല. കഴിഞ്ഞ വേനൽക്കാലത്തു നടന്ന തിരഞ്ഞെടുപ്പിൽ എതിർസ്ഥാനാർഥിയായ ചക്കക്കൊമ്പനെ ഫോട്ടോഫിനിഷിലെന്നപോലെ മറികടന്നാണ് അവൾ തിരഞ്ഞെടുക്കപ്പെട്ടത്.

പുതിയ നേതാവിന്റെ മുന്നിൽ ഒരു കളിയും നടക്കില്ലെന്ന് കാട്ടിലെ കുഴിമടിയൻമാർക്കുപോലുമറിയാം. അതുകൊണ്ട് സകലരും സമയത്തെത്തും. എല്ലാർക്കുംമുന്നേ ലോറ ഹാജരാകും.





ലോറയുടെ അധ്യക്ഷതയിൽ സായാഹ്നസഭ തുടങ്ങി.
"നമ്മുടെ കാട്ടിൽ ഇത്തവണ കായികോത്സവം നടത്തണം."

കുഞ്ഞരിപ്രാവ് വിഷയം അവതരിപ്പിച്ചു.

"അതെന്താ?" സംശയക്കാരനായ ഡിങ്കുക്കഴുത ചോദിച്ചു.

"ഡിങ്കൂ... ഇടയ്ക്കുകേറി കളിക്കല്ലേ... അവൾ മുഴുവൻ പറയട്ടെ."
ചക്കക്കൊമ്പൻ നീരസം പ്രകടിപ്പിച്ചു.

"കാട്ടിലെല്ലാവരും ചേർന്നുള്ള കായികമത്സരമാണ് ഞാൻ ഉദ്ദേശിച്ചത്."
കുഞ്ഞരിപ്രാവ് വ്യക്തമാക്കി.

“ഓ.., ഇന്നുച്ചയ്ക്ക് നീയിട്ട ലൈവ് വീഡിയോ ഞാൻ കണ്ടിരുന്നു. അതേപോലെ ഒന്ന്, അല്ലേ?” മൂളൻതേനീച്ച ചോദിച്ചു.

“മേളയിൽ എന്തെല്ലാം ഇനങ്ങൾ വേണം?” കായികമന്ത്രി തിരക്കുകൂട്ടി.

ഓട്ടം, ചാട്ടം, വടംവലി, മരംകയറ്റം, ഊഞ്ഞാലാട്ടം, മുങ്ങാംകുഴി, റിലേ... ഒന്നിനുപിറകെ ഒന്നായി നിർദേശങ്ങൾ വന്നു.

“എന്നാൽ നാളെത്തന്നെ നടത്താം.” കീരൻകരടി ഉത്സാഹത്തിലായി.

“ഒരുക്കങ്ങൾക്കും മറ്റും സമയം വേണം കീരാ, അല്ലെങ്കിൽ കളി കുളമാവും...” ലോറ, കീരന്റെ ധൃതിക്ക് തടയിട്ടു.

“എന്നാൽ, ഇപ്രാവശ്യത്തെ വനദിനത്തിലാവട്ടെ.” അതുവരെ കളത്തിനു പുറത്തുനിന്ന കേളുക്കുറുക്കൻ കിട്ടിയ അവസരത്തിൽ ഗോളടിച്ചു.

ആ നിർദേശം ഹർഷാരവങ്ങളോടെ സ്വീകരിക്കപ്പെട്ടു. കേളുവിന്റെ മുഖത്ത് ഒരു സ്വർണമെഡൽത്തിളക്കം!

“കുഞ്ഞിക്കുരുവി കായികമേളക്കമ്മിറ്റിയുടെ ചെയർമാനും ചിന്നുമുയൽ കൺവീനറും.” ഏതാനും അംഗങ്ങളെക്കൂടി ചേർത്ത് നീലവാനരൻ കമ്മിറ്റി രൂപീകരണം പൂർത്തിയാക്കി.





"ആർക്കും മത്സരിക്കാം, പ്രായപരിധിയില്ല. പങ്കെടുക്കുന്നവർ അടുത്ത ഞായറാഴ്ച സായാഹ്നസഭയ്ക്കുമുമ്പ് പേരുതരണം." കുഞ്ഞിക്കുരുവി ഓർമ്മിപ്പിച്ചു.

"നാളെ മുതൽ പേരുകൊടുത്തുതുടങ്ങിക്കോളൂ. എന്നാൽ തൊണ്ണൂറാം മിനിറ്റിലെ കൂട്ടപ്പൊരിച്ചിൽ ഒഴിവാക്കാം." ചിന്നുമുയൽ കൂട്ടിച്ചേർത്തു.

കറുകപ്പുൽമൈതാനത്ത് വനദിനത്തിൽ കായികമേള ഗംഭീരമായി നടത്താമെന്ന തീരുമാനത്തോടെ സഭ പിരിഞ്ഞു.

പിന്നീടുള്ള ദിവസങ്ങളിൽ കായികോത്സവത്തിനുള്ള പരിശീലനം തകൃതിയായി നടന്നു. കാടാകെ കളിക്കളമായി. വനദർശൻ ചാനലിന്റെ ക്യാമറാമാൻ ചെമ്പരുന്ത് പരിശീലനദൃശ്യങ്ങൾ ഒപ്പിയെടുത്ത് ലൈവായി സംപ്രേഷണം ചെയ്തു.



കായികോത്സവദിനമായി. പുലരുംമുമ്പുതന്നെ കാടുമുഴുവൻ മൈതാനത്തിലെത്തി. റണ്ണൻചീറ്റപ്പുലി മാർച്ചുപാസ്റ്റിൽ സല്യൂട്ട് സ്വീകരിച്ചതോടെ മത്സരങ്ങൾ ആരംഭിച്ചു. അയൽക്കാടുകളിൽനിന്നടക്കമുള്ള വനമാധ്യമപ്രവർത്തകരും വ്ലോഗർമാരും, ക്യാമറകളും ഡ്രോണുകളുമായി കളത്തിലിറങ്ങി. അതോടെ മൈതാനം നിറഞ്ഞുകവിഞ്ഞു.



മൈതാനത്തിന്റെ തെക്കേമൂലയിൽ ദീർഘദൂര ഓട്ടമത്സരത്തിന് പുള്ളിപ്പുലി പേരുവിളിക്കാൻ തുടങ്ങി. വടക്കേമൂലയിൽ പുള്ളിമാൻ ലോങ്ജംപിന് തുടക്കമിട്ടു. കാട്ടുചോലയിൽ പൊന്മാന്റെ നേതൃത്വത്തിൽ മുങ്ങാംകുഴി ആരംഭിച്ചു. എല്ലായിടത്തും ഇഞ്ചോടിഞ്ച് പോരാട്ടം! ആവേശം മൂത്ത് ചിലയിടത്തൊക്കെ കാണികൾ കളത്തിലിറങ്ങി. അതോടെ കളി കാര്യമാവുകയും ചെയ്തു. അച്ചടക്കക്കമ്മിറ്റി കൺവീനറായ അച്ചുക്കടുവ സമയോചിതമായി ഇടപെട്ടു. അങ്ങനെയാണ് കൂടുതൽ അനിഷ്ടസംഭവങ്ങൾ ഒഴിവായത്.



അച്ചുവിനോടു കളിച്ചാൽ അവൻ കളി പഠിപ്പിക്കുമെന്ന് എല്ലാവർക്കും അറിയാമായിരുന്നു.

വിജയികളെ അപ്പപ്പോൾ വിജയപീഠത്തിൽ കയറ്റിനിർത്തി മെഡലും പൂമാലയും നൽകി അനുമോദിച്ചു. മൈതാനത്ത് ആർപ്പുവിളികളുയർന്നു. ക്യാമറകൾ തുരുതുരാ മിന്നി. ജേതാക്കൾ സന്തോഷക്കണ്ണീരണിഞ്ഞു. പൊരുതിത്തോറ്റവർ പുഞ്ചിരികൊണ്ട് സങ്കടക്കണ്ണീർ മായ്ചുകളഞ്ഞു.

വിജയികളുമായി അഭിമുഖം നടത്താൻ ചാനലുകാർ തമ്മിൽ ഉഗ്രൻ വടംവലി നടന്നു. ജേതാക്കൾക്കൊപ്പം സെൽഫിയെടുക്കാൻ ആരാധകർ ഗുസ്തിപിടിച്ചു.

ലോറയും ചില മത്സരങ്ങളിൽ ഒരുകൈ നോക്കി. പഞ്ചഗുസ്തിയിൽ നേടിയ വെങ്കലംകൊണ്ട് അവൾക്ക് തൃപ്തിപ്പെടേണ്ടിവന്നു. എങ്കിലും ഒട്ടും നിരാശ തോന്നിയില്ല.

മേള തീർന്നുപോകരുതേ എന്ന് ഓരോരുത്തരും കൊതിച്ചു. കളികളിൽ മുഴുകുമ്പോൾ വിശപ്പും വിഷമങ്ങളും മറക്കുന്നതായി അവർ തിരിച്ചറിഞ്ഞു.

“എല്ലാ കൊല്ലവും കാട്ടിൽ കലോത്സവത്തിനു പുറമെ കായികോത്സവവും നടത്തും. പ്രായമായവർക്കും ശാരീരികപരിമിതികൾ ഉള്ളവർക്കും പങ്കെടുക്കാവുന്ന ഇനങ്ങൾകൂടി ഉൾപ്പെടുത്തും.”

ലോറയുടെ പ്രഖ്യാപനത്തോടെയാണ് കായികോത്സവം കൊടിയിറങ്ങിയത്.

- കായികോത്സവം അവസാനിച്ചു എന്നതിന് പകരം കൊടിയിറങ്ങി എന്നാണ് കഥയിൽ പറഞ്ഞത്. ഇതുപോലെ മറ്റെന്തെല്ലാം പ്രയോഗങ്ങൾ കഥയിലുണ്ട്? കണ്ടെത്തി പറയൂ.
- കാട്ടുകായികമേളയിലെ ഇഷ്ടപ്പെട്ട ഒരിനം തിരഞ്ഞെടുത്ത് ടി വി ചാനലിനുവേണ്ടി റിപ്പോർട്ട് തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കൂ.
- കാട്ടിലെ കായികോത്സവത്തിന്റെ പത്രവാർത്തയുടെ വ്യത്യസ്ത തലക്കെട്ടുകൾ എഴുതൂ.

'പാട്ടുംപാടി ചുവടുംവച്ച്
വീടു ചിരിച്ചൊരു നിൽപ്പുണ്ട്.'

വീടിന്റെ പാട്ടും ചുവടും ചിരിയും തെളിഞ്ഞുകാണാം, ഈ കഥയിൽ.



## ഒളിമ്പിക്സ് പരിശീലനം

രാവിലത്തെ തിരക്കുകൾ കഴിഞ്ഞ് അമ്മമ്മയും ദിയയും മാത്രമാവുന്ന സമയം. അവളുടെ എല്ലാ കാര്യത്തിനും കൂട്ടിനായി അമ്മമ്മയെ വിളിച്ചുകൊണ്ടിരിക്കും; ചിത്രം വരയ്ക്കാനും ചോറുംകറിയും വെച്ചുകളിക്കാനുമെല്ലാം. അമ്മമ്മയ്ക്കാണെങ്കിൽ, ഒരാളും ശല്യപ്പെടുത്താനില്ലാതെ കുറച്ചു നേരമെങ്കിലും ടി വിയിൽ ഒളിമ്പിക്സ് ഇനങ്ങൾ കാണണമെന്ന കലശലായ മോഹവും.

ഒളിമ്പിക്സ് മത്സരങ്ങൾ നടക്കുന്ന ദിവസങ്ങളായിരുന്നു അത്. ഒരു വിധം, കൂടെയിരുന്ന് കാണാൻ അവളെയും പ്രേരിപ്പിച്ചു. അങ്ങനെ രണ്ടു ദിവസം രാവിലെ അമ്മമ്മയും കുട്ടിയും ഒരുമിച്ചിരുന്ന് മത്സരങ്ങൾ കണ്ടു. മൂന്നാം ദിവസം മുതൽ,

അമ്മമ്മ തിരക്കിലാണെങ്കിലും ദിയമോൾ വന്നു വിളിക്കാൻ തുടങ്ങി.

“അമ്മമ്മേ, വേഗം വരൂ. നമുക്ക് ഒളിമ്പിക്സ് കാണാനുണ്ടെന്ന് മറന്നോ? ഓടുന്ന ഏട്ടന്മാരും ചേച്ചിമാരുമൊക്കെ നമ്മളെ കാത്ത്നിക്ക്ണ്ണ്ടാവും.”

ഓടാതെ കാത്തുനിൽക്കുന്ന ചേട്ടന്മാരെയും ചേച്ചിമാരെയുമോർത്ത് മറ്റുകാര്യങ്ങളൊക്കെ നിർത്തിവച്ച് വേഗംതന്നെ അമ്മമ്മ വന്നു. ഓട്ടവും ചാട്ടവും ഏറും നീന്തലും ജിംനാസ്റ്റിക്സുമെല്ലാം അവരങ്ങനെ ഒരുമിച്ച് വീർപ്പടക്കിക്കണ്ടു. വൈകുന്നേരം, പതിവുപോലെ ഒരുമിച്ച് മുറ്റത്തേക്കിറങ്ങിയപ്പോൾ അവൾ ഒരു പ്രഖ്യാപനം നടത്തി.

“അമ്മമ്മേ, ദിയക്കുട്ടി ഒളിമ്പിക്സില് മത്സരിക്കാൻ പോവ്വാണ്.” വളരെ ഗൗരവത്തിൽത്തന്നെയാണ് അവൾ പറയുന്നത്.

“കുറച്ചുകൂടി വലുതാവണം അതിൽ മത്സരിക്കണെങ്കില്. പിന്നെ, നല്ല പ്രാക്ടീസും വേണം. വെറുതെ ഓടിപ്പോയിട്ട് അങ്ങട് മത്സരിക്കാനൊന്നും നമുക്ക് പറ്റില്ല.” അമ്മമ്മ കാര്യം പറഞ്ഞു.

“ഓ, അയ്നെന്താ? ദിയക്കുട്ടി വേം വേം വലുതാവുന്നുണ്ടല്ലോ. വലുതായിട്ടുമതി ഒളിമ്പിക്സിനു പോണത്. ന്നാലും എന്നും പ്രാക്ടീസ് ചെയ്യണ്ടേ?”



“വേണല്ലോ." അമ്മമ്മ ഉത്സാഹം കൂട്ടി.
“എന്നാ, ഇന്ന് മുതൽക്ക് നമ്മള് പ്രാക്ടീസ് തുടങ്ങാൻ പോവ്വാണ്.”
“നമ്മളോ! ദിയക്കുട്ടി ചെയ്താപ്പോരേ?”
“പറ്റില്ല. അമ്മമ്മേം ദിയക്കുട്ടീം കൂടിയാ മത്സരിക്കാൻ പോണത്. അമ്മമ്മ മടിച്ചിയാവാണ്ടെ എന്നും ന്റെ കൂടെ പ്രാക്ടീസ് ചെയ്യാൻ വന്നോളൂ ട്ടോ.”

സമ്മതിക്കാതെ തരമില്ലല്ലോ. അങ്ങനെ, വൈകുന്നേരങ്ങളിൽ അമ്മമ്മയും കുട്ടിയുംകൂടി ഒളിമ്പിക്സിനുള്ള തയ്യാറെടുപ്പ് തുടങ്ങി.

“അമ്മമ്മേ, നമുക്ക് ഓട്ടമത്സരത്തിനും ആ ‘ഉണ്ട’ എറിയുന്നതിനും ചേരണം.” ദിയ ഐറ്റങ്ങൾ തീരുമാനിച്ചു.

“ഉണ്ട എറിയുന്നതാണ് ഷോട്ട്പുട്ട്.”
ഒരു പുതിയ പേര് അവൾ മനസ്സിലാക്കിക്കോട്ടെ.

“ഷോട്ട്പുട്ട്, ഷോട്ട്പുട്ട്...”
ദിയ അത് പലതരത്തിലും പലശബ്ദത്തിലും ആവർത്തിച്ചാവർത്തിച്ചു പറഞ്ഞ് കുടുകുടെ ചിരിക്കാൻ തുടങ്ങി.
“നല്ല രസണ്ട് പറയാൻ!”

നീണ്ട മുറ്റത്ത്, ഒരറ്റത്തുനിന്ന് ഗെയ്റ്റ് വരെയും അവിടുന്ന് തിരിച്ചും ഓടണം. അതാണ് വ്യവസ്ഥ.
സ്റ്റാർട്ടിംഗ് പോയിന്റിൽ ദിയ റെഡിയായി നിന്നു.

“അമ്മമ്മേം ന്റെ കൂടെ ഓടാൻ വരൂ.”

“നമ്മളൊരുമിച്ച് ഓടാൻ പറ്റില്ല. ഞാൻ സീനിയർ ഗ്രൂപ്പിലാ; ദിയക്കുട്ടി ജൂനിയർ ഗ്രൂപ്പിലും.”
അവളുടെകൂടെ ഓടാതിരിക്കാൻ അമ്മമ്മ ഒരു കാരണം കണ്ടെത്തി.

ഒരു നിമിഷം പുരികം ചുളിച്ച് അവൾ ആലോചനയിലാണ്ടു.
“ന്നാ ശരി. ഞങ്ങളാദ്യം ഓടാം.” ദിയ റെഡിയായി.
“ഞങ്ങളോ?” അമ്മമ്മ നെറ്റി ചുളിച്ചു.

“അമ്മമ്മേ, ന്റെ ചങ്ങായ്മാരൊക്കെ ഓട്ണ്ണ്ട്.
കണ്ടില്ലേ, എല്ലാരും ഈ ലൈനില് റെഡിയായി നിക്കണത്?”
അവൾ തന്റെ ഇരുഭാഗത്തേക്കും ചൂണ്ടി.
“ഉം, അതു ശരി.” അവളുടെ ഭാവനയിലുള്ള ചങ്ങാതിമാർ!

“എല്ലാരും ലൈനില് നിന്നില്ലേ? ശരി. റെഡി, വൺ... ടൂ... ത്രീ.”
അമ്മമ്മ ഉറക്കെ പറഞ്ഞു.

“അയ്യയ്യേ! അങ്ങനല്ല അമ്മമ്മേ, ഓൺ യുവർ മാർക്ക്, ഗെറ്റ് സെറ്റ്, ഗോ.



അങ്ങനെയാണെന്ന് എന്റമ്മ പറഞ്ഞിട്ടുണ്ടല്ലോ."
അജ്ഞയായ അമ്മമ്മയെ അക്ഷമയോടെ ദിയ തിരുത്തി.
അമ്മമ്മ അത്ഭുതപ്പെട്ടു, എന്റെ കുട്ടിക്കാലമല്ല ഇത്!

"ശരി. എന്നാ അങ്ങനെ പറയാം. ഓൺ യുവർ മാർക്ക്, ഗെറ്റ് സെറ്റ്, ഗോ."

സ്റ്റാർട്ടിംഗ് ലൈനിൽ ഒരു മുട്ടുമടക്കി ഇരുന്നിരുന്ന ദിയ ഓരോ വാക്കിനും കൈകുത്തി കുനിഞ്ഞുനിൽക്കുകയും പിന്നെ നിവരുകയും ഓടുകയും ചെയ്തതു കണ്ടപ്പോഴും അമ്മമ്മയ്ക്ക് അദ്ഭുതമായി.
"ഇതൊക്കെ എവിടുന്ന് പഠിച്ചു!"

"അമ്മമ്മേ, ഞങ്ങള് ഓടുമ്പൊ 'അപ് അപ് അപ്' ന്ന് പറയണ്ട്ടോ."
ഓട്ടമത്സരം തുടങ്ങുന്നതിനുമുമ്പ് ദിയ ആവശ്യപ്പെട്ടു.
ഓടി തിരിച്ചെത്തിയ ദിയയെ ഫസ്റ്റായി പ്രഖ്യാപിച്ചതിനുശേഷം അമ്മമ്മ ചോദിച്ചു:
"ദിയക്കുട്ടീ, ഓടുന്നേനുമുമ്പെ ഇങ്ങനെയാ നിൽക്കേണ്ടത് എന്ന് ആരാ പറഞ്ഞുതന്നത്? അതും അമ്മയാ?"

"അല്ലമ്മമ്മേ. നമ്മള് ടീവീല് കണ്ടില്ലേ, ഓടിയ ഏട്ടമ്മാരും ചേച്ചിമാരുമൊക്കെ അങ്ങനല്ലേ നിന്നിരുന്നത്?

അമ്മമ്മയ്ക്ക് നാണക്കേട് തോന്നി. അവൾ ടി വിയിലെ മത്സരങ്ങൾ കണ്ടത്



എത്രമാത്രം ശ്രദ്ധിച്ചാണെന്ന് അപ്പോൾ മനസ്സിലായി.

"ഓൺ യുവർ മാർക്ക്, ഗെറ്റ് സെറ്റ്, ഗോ - ന്ന് പറയുമ്പൊ വെടി പൊട്ടിക്കാൻ ഒരു തോക്കുംകൂടി വേണ്ടീരുന്നു, ല്ലേ അമ്മമ്മേ?"

ഓ! അതിന്റെയൊരു കുറവുംകൂടി ഉണ്ടായിരുന്നു, ഒരു തോക്കിന്റെ. അമ്മമ്മ ഓർത്തു.

"ഇനി വല്യോര്ടെ ഓട്ടാ, അമ്മമ്മേടെ ഗ്രൂപ്പിന്റെ." ദിയ ഓർമ്മപ്പെടുത്തി. കുഴപ്പമായല്ലോ! സീനിയർ ഗ്രൂപ്പിന്റെ കാര്യം അമ്മമ്മ വളരെ സൗകര്യപൂർവം മറന്നിരുന്നു.

"അമ്മമ്മ ഓടണോ? ദിയക്കുട്ടി ഓടീത് പോരേ?" അമ്മമ്മ കെഞ്ചിനോക്കി.



"പറ്റില്ല. ഈ അമ്മമ്മയ്ക്ക് എന്തൊരു മടിയാ. ഇങ്ങനായാല് ദിയക്കുട്ടി മാത്രേ ഒളിമ്പിക്സിന് പോവ്ണ്ടാവുള്ളു. പ്രാക്ടീസ് ചെയ്യാഞ്ഞാ അമ്മമ്മെ കൊണ്ടോവില്ല." ദിയ

വളരെ കണിശമായി പറഞ്ഞു.



അങ്ങനെ അതിനൊരു തീരുമാനമായി.
ഒളിമ്പിക്സിൽ പങ്കെടുക്കാതിരിക്കാൻ
പറ്റില്ലല്ലോ! നന്നായി.
വൈകുന്നേരത്തെ സ്ഥിരം നടത്തം
ഓടിത്തീരട്ടെ!

"അമ്മമ്മേ, നമുക്ക് നീന്തല് പ്രാക്ടീസ് ചെയ്യാൻ ഒരു കുളം വേണ്ടീരുന്നു."

"അതിനിപ്പൊ കുറേക്കാലം തന്നെ വേണ്ടിവരും, എന്റെ മോളേ. നീന്തൽ നമുക്ക് പിന്നത്തെ ഒളിമ്പിക്സിനാക്കാം."

"എന്നാ, അത് അങ്ങനാവട്ടെ." അവൾ സമ്മതം മൂളി.

"പക്ഷേ, എന്തായാലും നീണ്ട രണ്ട് വടീം, ഓട്ടമത്സരം തൊടങ്ങുമ്പോ വെടി പൊട്ടിക്കാൻ തോക്കും വേണംന്ന് അമ്മച്ഛനോട് പറയണം." അതിൽ കുറഞ്ഞ പ്രശ്നമേയില്ല എന്ന മട്ടിൽ അവൾ നിന്നു.

"നീണ്ട വടി എന്തിനാ?"

"ഓ! ന്റെ അമ്മമ്മേ! ഓടിവന്ന് നീണ്ടൊരു വടിയും കുത്തിച്ചാട്ണ മത്സരം നമ്മള് കണ്ടിട്ടില്ലേ? അതിന് നീണ്ട വടി വേണ്ടേ?"

"രണ്ടെണ്ണമെന്തിനാ? ഒരു വടി കുത്തിയല്ലേ അവര് ചാടണത്?"

"ഒന്നെനിക്കും ഒന്ന് അമ്മമ്മയ്ക്കും." ദിയയ്ക്ക് സംശയമേ ഉണ്ടായിരുന്നില്ല.

അമ്മമ്മ ശരിക്കും ഞെട്ടിപ്പോയി! രണ്ടാളും കൂടി പോൾവാൾട്ട് പരിശീലിക്കുന്നത് മനസ്സിൽക്കണ്ട് അമ്മമ്മ അങ്ങനെ തരിച്ചുനിന്നു.

(ദിയമോളും അമ്മമ്മയും, എം. ഗീതാഞ്ജലി)

- കഥയിലെ അമ്മമ്മയെ നിങ്ങൾക്കിഷ്ടമായോ? എന്തുകൊണ്ട്?
- സ്നേഹം ലഭിക്കുക എന്നത് കുട്ടികളുടെ അവകാശമാണ്. പാഠപുസ്തകത്തിന്റെ അവസാനപേജിൽ കൊടുത്തിട്ടുള്ള കുട്ടികളുടെ അവകാശങ്ങൾ ശ്രദ്ധയോടെ വായിക്കൂ. ഈ കഥയിലെ വീട്ടിൽ കുട്ടിയുടെ എന്തെല്ലാം അവകാശങ്ങളാണ് അംഗീകരിക്കപ്പെടുന്നത്?
- മുതിർന്നവർ കുട്ടികളോട് എങ്ങനെ പെരുമാറണമെന്നാണ് ഈ കഥ സൂചിപ്പിക്കുന്നത്?

# പഠനച്ചെപ്പ്

| പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ) | |
|---|---|
| ഇനം | വിഭവം |
|  നോട്ടുപുസ്തകം | • കളിയുമായി ബന്ധപ്പെട്ട ഭാഷാപ്രയോഗങ്ങൾ, പോസ്റ്റർ, വാർത്തയുടെ തലക്കെട്ട് (കാട്ടിലെ കായികോത്സവം) |
|  രചനാശേഖരം | • വരികൾ കൂട്ടിച്ചേർത്തത് (കളിമാറാപ്പ്)<br>• മുതിർന്നവരിൽ നിന്ന് ഞാൻ പ്രതീക്ഷിക്കുന്നത് - ദൃക്സാക്ഷിവിവരണം (ഒളിമ്പിക്സ് പരിശീലനം) |
|  ഓഡിയോ | • കവിത താളമിട്ടുചൊല്ലൽ (കളിമാറാപ്പ്, കുട്ടി)<br>• ഭാവാത്മക വായന (കാട്ടിലെ കായികോത്സവം, ഒളിമ്പിക്സ് പരിശീലനം) |

| പ്രത്യേക അവതരണ സന്ദർഭങ്ങൾ | |
|---|---|
| ഇനം | വിഭവം |
|  പ്രഭാത സർഗവേള | • കവിത ദൃശ്യാവിഷ്കാരം (കളിമാറാപ്പ്)<br>• കവിത താളമിട്ടുചൊല്ലൽ |
|  ബാലസഭ | • കവിത താളമിട്ടുചൊല്ലൽ, കവിത ദൃശ്യാവിഷ്കാരം |
|  അസംബ്ലി | • പ്രസംഗം - കുട്ടികളുടെ അവകാശങ്ങൾ (ഒളിമ്പിക്സ് പരിശീലനം) |
|  നവമാധ്യമം | • കവിത ദൃശ്യാവിഷ്കാരം<br>• കവിത താളമിട്ടുചൊല്ലൽ |



# 5

# നന്നാവാനൊന്നാവാം






വലുതിന്നിര ചെറുതെന്നതു മൃഗജീവിതനിയമം
ചെറുതിൻ തുണ വലുതെന്നതുതന്നെ നരധർമ്മം
ദൃഢമേവരുമിവിടെസ്സുഖമമരേണ്ടവരല്ലോ
സമഭാവന കൈക്കൊള്ളുക സമഭാവന ശരണം

(സമഭാവന, സഹോദരൻ അയ്യപ്പൻ)

- ചിത്രവുമായി ബന്ധപ്പെട്ട 'ആരാണവകാശി' എന്ന കഥ ടീച്ചർ പറഞ്ഞു തന്നല്ലോ. ആ കഥയും ഈ കവിതയും തമ്മിൽ എന്തു ബന്ധമാണുള്ളത്?



# വിരുന്നൊരുക്കാം

സമഭാവനയും സ്നേഹവുമാണ്
ലോകത്തെ സുന്ദരമാക്കുന്നത്.

മീനുക്കുട്ടി വിരുന്നൊരുക്കുന്നത് നോക്കൂ.



## പാവയൂണ്

പാവയൂണിനൊരുക്കാം, നീ പോയ്
പറയണ്ടോരെ വിളിച്ചോളൂ,
പാറുകയായീ മീനുക്കുട്ടിയൊ-
രാളേം വിടുവാൻ പാടില്ലാ.

മുറ്റത്തെപ്പാഴില മാറ്റി,
തൂത്തുനിരത്തി വെടിപ്പാക്കി.
സാരി നീട്ടിപ്പന്തലുമിട്ടു
നേരം കഴിയാറായല്ലോ.
സാരമില്ലാ കളിയല്ലേ, യി -
പ്പാചകമൊരു കൺകെട്ടല്ലേ!

പ്ലാവില, കറുക, ഉണക്കത്തോലും
പൂവും കോലും ചെഞ്ചരലും
കോരിവിളമ്പാനമ്മ വരുമ്പോൾ
ആരാർ വന്നുനിരക്കുന്നു.



കാലുവെന്തു നടക്കും നായ
ആകെ നനഞ്ഞൊരു പെൺപൂച്ച
കാലൊടിഞ്ഞൊരുകണ്ണില്ലാത്തൊരു
പാവം കാക്ക വയസ്സത്തി
കൊമ്പുമുളയ്ക്കാക്കൊച്ചനൊരാട്
പല്ലില്ലാത്ത മനുക്കുട്ടൻ
കുടമണി കെട്ടിയ ചെമ്പിച്ചിപ്പ-
യ്യരികേ താറാവിൻകൂട്ടം
കോഴിക്കൂടു തുറന്നൊരു കൂട്ടർ
ചോണനുറുമ്പിൻ പടയോട്ടം!



അണ്ണാർക്കണ്ണൻ, വേട്ടാളന്മാർ
അരുമത്തുമ്പികൾ, പൂമ്പാറ്റ
അമ്പായ്പായും പൂങ്കുരുവി, പൂ-
ച്ചെണ്ടിലുറങ്ങും തേനീച്ച
ചവിറ്റിലക്കിളി, മൈനകൾ, മണ്ണിൽ-
ക്കളിച്ചുതീരാക്കുഴിയാന, ...

പാവയൂണിനു പന്തിയൊരുങ്ങെ-
പ്പഴയ യശോദ പിറക്കുന്നു.
ആരിവർ, എന്ത്? പ്രപഞ്ചം മുഴുവൻ!
ആയമ്മയ്ക്കു പകയ്ക്കുന്നു.

പറയുകയാ "ണിതു കുറവായമ്മേ
പലരും വരുവാനൊത്തില്ല."

ഇവൾക്കു പുഞ്ചിരിയുണ്ടല്ലോ ചെ-
ന്നൊരൊറ്റ വറ്റാൽ നിറയിക്കാൻ!

(പാവയൂണ് - വി എം ഗിരിജ)

- കവിത താളമിട്ടു ചൊല്ലൂ.
- മീനുക്കുട്ടി പറയുകയാണ്: "ഇതു കുറവായമ്മേ, പലരും വരുവാനൊത്തില്ല" സദ്യയ്ക്ക് ഇനി ആരെല്ലാം വരുമെന്നാണ് പ്രതീക്ഷിക്കുന്നത്?
- ഏറ്റവും പ്രധാനപ്പെട്ടതെന്ന് നിങ്ങൾ കരുതുന്ന വരികൾ കണ്ടെത്തൂ. തിരഞ്ഞെടുക്കാനുള്ള കാരണമെന്തെന്ന് ചുരുക്കി എഴുതൂ.

സ്നേഹവും സമഭാവനയുമെല്ലാം
നമ്മുടെ സംഭാഷണത്തിൽ കടന്നുവരണം.

ഉറുമ്പിന്റെ ചോദ്യത്തിൽ എന്താണ് സംഭവിക്കുന്നത്?

## ചോദ്യം












(എൻ ടി രാജീവ് - ആനക്കാര്യം എന്റെ കാര്യോം)

- ചോദ്യങ്ങളിൽനിന്ന് ഉറുമ്പിന്റെ സ്വഭാവത്തെപ്പറ്റി എന്തെല്ലാം മനസ്സിലാക്കാൻ കഴിയും?
- സ്നേഹവും സമഭാവനയും അനുഭവപ്പെടുന്ന തരത്തിൽ സംഭാഷണം മാറ്റിയെഴുതി കാർട്ടൂൺ തയ്യാറാക്കൂ.

ശരിയായി ഉപയോഗിച്ചില്ലെങ്കിൽ
ഭാഷ മറ്റുള്ളവരെ വേദനിപ്പിക്കും.



## കള്ളം

കള്ളം പറയണം
കള്ളം പറയാൻ നമ്മൾ പഠിക്കണം.
കൊതിയോടെ കഴിക്കാൻ വച്ച മധുരം
കൂടപ്പിറപ്പ് ചോദിച്ചാൽ
'എനിക്കുവേണ്ട' എന്ന് കള്ളം പറയണം.

സ്നേഹമുള്ളവർ വേദനിപ്പിക്കുംവിധം സംസാരിച്ച്
പിന്നീട്, 'വിഷമമായോ?' എന്ന് ചോദിക്കുമ്പോൾ
'ഇല്ല' എന്ന് കള്ളം പറയണം.

ഒരുപാടു തിരക്കുള്ള സമയത്ത്
ഇഷ്ടമുള്ളവർ വിളിച്ചാൽ
'തിരക്കാണോ?' എന്നതിന്
'അല്ല' എന്ന് കള്ളം പറയണം.

മനസ്സിൽ തിരയടിക്കുമ്പോഴും
എതിരെ വന്നയാൾ
'സുഖമാണോ?' എന്നു ചോദിച്ചാൽ
'അതെ' എന്ന് കള്ളം പറയണം.

എല്ലാം കഴിഞ്ഞ്
ആ ദിവസത്തേക്ക് തിരിഞ്ഞുനോക്കുമ്പോൾ
ഒരു സത്യം പറയാൻ മറക്കരുത്
'എന്റെ വേദനകളെ ഞാൻ അതിജീവിച്ചു' എന്നത്.

(നിറമുള്ള അക്ഷരങ്ങൾ - ഷിഫാന ഷെറി)

- ‘കളിയായും പൊളി പറയരുത് ’ എന്നൊരു പഴഞ്ചൊല്ലുണ്ട്. പൊളി എന്നാൽ കള്ളം. കള്ളം പറയുന്നത് ശരിയാണോ?
- കവിതയിൽ നുണപറഞ്ഞിടത്തെല്ലാം നേരാണ് പറഞ്ഞതെങ്കിലോ?





- കവി പറഞ്ഞതുപോലെ ഈ ചിത്രത്തിലെ ചെടി പറയാനിടയുള്ള ‘കള്ളങ്ങൾ’ എന്തെല്ലാമായിരിക്കും?

അസത്യത്തിന് സത്യത്തേക്കാൾ
തിളക്കം കൈവരുന്ന സന്ദർഭങ്ങളുണ്ട്.

## നേരും നുണയും



അരമനയുടെ പുറകിലുള്ള തോട്ടത്തിന്റെ വലിയ മതിൽ ചാടിക്കടന്ന് ഴാങ് നിരത്തിലെത്തി. അപ്പോൾ അയാളുടെ തോളിൽ തൂങ്ങിയ സഞ്ചിയിൽക്കിടന്ന് വെള്ളിക്കരണ്ടികൾ കിലുങ്ങി.
അയാൾ സഞ്ചി മാറോടു ചേർത്തുപിടിച്ചു. ചുറ്റും പരിഭ്രമത്തോടെ നോക്കി. ഇല്ല, ആരും കണ്ടിട്ടില്ല! ലോകം മുഴുവൻ സുഖനിദ്രയിലാണ്.

അയാൾ മാനത്തേക്ക് നോക്കി. മരങ്ങൾക്കിടയിൽ, വലിയൊരു വെള്ളിത്തുട്ടുപോലെ തിളങ്ങുന്ന ചന്ദ്രൻ! നേരം പുലർന്നാലുടൻ സഞ്ചിയിലെ വെള്ളിക്കരണ്ടികൾ വിൽക്കണം. കിട്ടുന്ന കാശുകൊണ്ട് സഞ്ചി നിറയെ അപ്പം വാങ്ങണം. ഴാങ്ങിന്റെ ചുണ്ടിൽ ചിരി പടർന്നു.

"നേര് പറ, ഈ വെള്ളിക്കരണ്ടികൾ നീ അരമനയിൽനിന്ന് മോഷ്ടിച്ചതല്ലേ? നടക്ക്... ഇന്ന് സത്യം തെളിയിച്ചിട്ടു തന്നെ കാര്യം."

വെള്ളിക്കടയിൽവച്ച് തെളിവോടെ പിടിക്കപ്പെട്ട ഴാങ്, പോലീസുകാർക്ക് മുന്നിൽ ഉത്തരമില്ലാതെ കുഴങ്ങി. അരമനയിൽ മെത്രാന്റെ അരികിൽ കുറ്റവാളിയായി നിൽക്കുമ്പോൾ, അദ്ദേഹത്തിനുനേരെ ഒന്നു നോക്കുവാൻപോലും ഴാങ്ങിനു കഴിഞ്ഞില്ല.





“ഈ വെള്ളിക്കരണ്ടികൾ ഇയാൾ ഇവിടെനിന്നു മോഷ്ടിച്ചതാണ്.” തൊണ്ടിമുതൽ നീട്ടി ജേതാവിനെപ്പോലെ നിന്ന പോലീസുകാരനെ നോക്കി മെത്രാൻ ചിരിച്ചു.

“നിങ്ങൾക്കു തെറ്റിപ്പോയി സഹോദരാ,
ഇന്നലെ വിരുന്നുകഴിഞ്ഞു പോകുമ്പോൾ
വെള്ളികൊണ്ടുള്ള ആ വിളക്കുകാലുകൾകൂടി ഞാൻ സമ്മാനമായി നൽകിയതാണ്. പക്ഷേ, അദ്ദേഹം ആ വെള്ളിക്കരണ്ടികൾ മാത്രമാണ് കൊണ്ടുപോയത്.”
അലമാരിയിലെ വിളക്കുകാലുകൾ ചൂണ്ടി മെത്രാൻ ശാന്തനായി പറഞ്ഞു.
ഴാങ് മെത്രാനെ മിഴിച്ചുനോക്കി നിന്നു!
അയാളുടെ തൊണ്ട വരണ്ടുപോയിരുന്നു.
പോലീസുകാർ മെത്രാനോട് മാപ്പു പറഞ്ഞ് മടങ്ങി.

കുറ്റഭാരത്താൽ തലകുനിച്ചുനിന്ന ഴാങ്ങിന്റെ ചുമലിൽ തലോടിക്കൊണ്ട് മെത്രാൻ പറഞ്ഞു:
“സഹോദരാ... ഈ വിളക്കുകാലുകൾകൂടി എടുത്തുകൊള്ളൂ. ഇനി ഇവിടേക്ക് വരണമെന്ന് തോന്നിയാൽ ഇരുട്ടിൽ മതിൽ ചാടിക്കടന്ന് ബുദ്ധിമുട്ടേണ്ടതില്ല. പടിവാതിൽ ചാരിയിട്ടേ ഉണ്ടാകൂ. താങ്കൾക്ക് അതുവഴി വരാം. ആരും തടയുകയില്ല.”
ഴാങ് നിറകണ്ണുകളോടെ മെത്രാനെ നോക്കി.

വെള്ളിവെളിച്ചം തൂകുന്ന ചന്ദ്രനെ, അത്രയുമടുത്ത് അയാൾ ആദ്യമായി കാണുകയായിരുന്നു!

- വെള്ളിക്കാലുകളും കരണ്ടികളും താൻ സമ്മാനമായി നൽകിയതാണെന്ന് മെത്രാൻ പറയാൻ കാരണമെന്താവും?
- ഈ കഥയ്ക്കു നൽകിയ തലക്കെട്ട് അനുയോജ്യമാണോ? എന്തുകൊണ്ട്?
- വെള്ളിത്തളികപോലെ, പപ്പടം പോലെ എന്നൊക്കെയാണ് ചന്ദ്രനെപ്പറ്റി പറയാറുള്ളത്. ഈ കഥയിൽ ചന്ദ്രനെ വെള്ളിത്തുട്ടുപോലെ എന്നു പറഞ്ഞത് ഉചിതമായോ? എന്തുകൊണ്ട്?
- “വെള്ളിവെളിച്ചം തൂകുന്ന ചന്ദ്രനെ അത്രയുമടുത്ത് അയാൾ ആദ്യമായി കാണുകയായിരുന്നു.” എന്തുകൊണ്ടാണ് ഴാങ്ങിന് അങ്ങനെ തോന്നിയത്?

# പഠനച്ചെപ്പ്

## പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ)

| ഇനം | വിഭവം |
| --- | --- |
| നോട്ടുപുസ്തകം | • കഥ - കവിത താരതമ്യക്കുറിപ്പ് (വാതിൽ)<br>• ഇഷ്ടപ്പെട്ട വരികളും കാരണങ്ങളും (പാവയൂണ്)<br>• കൂട്ടിച്ചേർത്ത വരികൾ (പാവയൂണ്)<br>• വിവിധ പറച്ചിൽരീതികൾ (ചോദ്യം)<br>• കത്ത് (നേരും നുണയും) |
| രചനാശേഖരം | • കാർട്ടൂൺ തയ്യാറാക്കൽ (ചോദ്യം)<br>• കൂട്ടിച്ചേർത്ത വരികൾ (പാവയൂണ്) |
| ഓഡിയോ | • കവിത താളമിട്ടുചൊല്ലൽ (പാവയൂണ്) |

## പ്രത്യേക അവതരണ സന്ദർഭങ്ങൾ

| ഇനം | വിഭവം |
| --- | --- |
| പ്രഭാത സർഗവേള | • കവിത താളമിട്ടുചൊല്ലൽ (പാവയൂണ്) |
| ബാലസഭ | • കവിത താളമിട്ടുചൊല്ലൽ (പാവയൂണ്)<br>• റോൾപ്ലേ (നേരും നുണയും) |
| ബാലമാസിക | • കാർട്ടൂൺ<br>• കൂട്ടിച്ചേർത്ത വരികൾ |
| നവമാധ്യമം | • കൂട്ടിച്ചേർത്ത വരികൾ<br>• കവിത താളമിട്ടുചൊല്ലൽ (പാവയൂണ്)<br>• റോൾപ്ലേ |



# കൂടു തുറക്കാം

മനുഷ്യനെ മനുഷ്യനാക്കി മാറ്റുന്നത് സ്നേഹവും സ്വാതന്ത്ര്യവുമാണ്. സ്നേഹത്തെ നാം തൊട്ടറിയുന്നതെങ്ങനെയാണ്?



## വെറുംതൊട്ടിലാട്ടാതെ കാറ്റേ

ഉറക്കത്തിലാണെന്റെ കുഞ്ഞ്
കിടക്കുന്നിതെന്നോടു ചേർന്ന്
തുറന്നേയിരിക്കുന്നു ചുണ്ട്
നുണയ്ക്കുന്ന പാലും മറന്ന്.

തഴയ്ക്കും മുടിക്കാട്ടിനുള്ളിൽ
മുളയ്ക്കും വിയർപ്പിന്റെ തുള്ളി
ഒഴുക്കായ് വഴിച്ചാലൊതുക്കി
ചെവിക്കുമ്പിളിൻ മുമ്പിലെത്തി

ജനൽച്ചില്ലമേൽ വന്നിരുന്ന്
കുളിർക്കൂകലാലൊന്നു വീശ്
കുയിൽക്കുട്ടി, നീയൊന്നു കൂട്
കുറഞ്ഞോട്ടെ വെയ്‌ലിന്നു ചൂട്

അനക്കാതടർത്തുമ്പൊഴെന്നെ
മുറുക്കെപ്പിടിക്കാതെ പൊന്നേ
വിതുമ്പിത്തുടങ്ങുന്നു, പയ്യെ-
ത്തുടത്താളമാകാവു കൈയേ...

(കാട്ടിലോടുന്ന തീവണ്ടി - ആര്യാംബിക)



- കവിത താളമിട്ടു ചൊല്ലൂ.
- കവിതയിൽ കാര്യങ്ങൾ പറയുന്നതാരാണ്?
  എങ്ങനെ മനസ്സിലായി?
- പല സ്വപ്നങ്ങളും കണ്ട് കുട്ടി ശാന്തമായുറങ്ങി. നമ്മളും സ്വപ്നങ്ങൾ കാണാറുണ്ടല്ലോ. അതിനെക്കുറിച്ച് എഴുതൂ.
- സ്നേഹവും വാത്സല്യവും തൊട്ടറിഞ്ഞ അനുഭവങ്ങൾ പങ്കുവയ്ക്കൂ.



മറ്റുള്ളവരുടെ വിഷമങ്ങൾ സ്വന്തം
വേദനയാവുമ്പോഴാണ് നാം മെച്ചപ്പെട്ട മനുഷ്യരാവുന്നത്.

## കുഞ്ഞുണ്ണിയുടെ മീൻകുഞ്ഞുങ്ങൾ



മഴ തോർന്ന നേരം കുഞ്ഞുണ്ണിയും അനസും വയൽമുറിച്ചുപോകുന്ന ചാലിനടുത്തെത്തി.
മഴവെള്ളത്തോടൊപ്പം പരൽമീനുകൾ ഒഴുകുന്ന ചാല്.
അതവസാനിക്കുന്നത് വലിയൊരു കുളത്തിലാണ്.
നിറയെ മീനുകളുണ്ടതിൽ!
കുഞ്ഞുണ്ണി വീട്ടുമുറ്റത്തേക്ക് എത്തിനോക്കി.
ഭാഗ്യം, മുറ്റത്താരുമില്ല!

അവൻ കുപ്പായത്തിനുള്ളിൽ ഒളിപ്പിച്ച തോർത്തുമുണ്ട് പുറത്തെടുത്തു. അനസ് വലിയൊരു പ്ലാസ്റ്റിക് കുപ്പി കൊണ്ടുവന്നിട്ടുണ്ട്. അവർ ചാലിലിറങ്ങി. തലയിൽ വെള്ളപ്പൊട്ടുള്ള കണ്ണിച്ചാനും വെള്ളിക്കഷണങ്ങൾ പോലുള്ള പുല്ലൻകുഞ്ഞുങ്ങളും തലങ്ങുംവിലങ്ങും കൂട്ടത്തോടെ പായുന്നു.

അവർ തോർത്തുമുണ്ടിന്റെ രണ്ടറ്റവും പിടിച്ചു. മീൻകുഞ്ഞുങ്ങളെ കോരിയെടുത്തു. ഒട്ടുമിക്കതും വെള്ളത്തിലേക്കുതന്നെ തുള്ളി. അഞ്ചാറെണ്ണം അവരുടെ പിടിയിലായി. അനസ് കുപ്പിയിൽ പകുതിയോളം വെള്ളമെടുത്തു. കുഞ്ഞുണ്ണി, മീനുകളെ ഓരോന്നായി കുപ്പിയിലേക്കിട്ടു. തോർത്തുമുണ്ട് പിഴിഞ്ഞ് അരയിൽക്കെട്ടി.

'വാ, പോകാം.' കുഞ്ഞുണ്ണി ധൃതിവച്ചു.

അച്ഛൻ കണ്ടാൽ രണ്ട് പൊട്ടിക്കുമെന്ന് അവനുറപ്പുണ്ട്. ബാപ്പയുടെ നീട്ടിയുള്ള വിളികേട്ട്, കുപ്പി കുഞ്ഞുണ്ണിയെ ഏൽപ്പിച്ച് അനസ് വയൽവരമ്പിലൂടെ എൺപതിൽ വിട്ടു!

അമ്മ കണ്ടാൽ അച്ഛനറിയുമല്ലോ... എന്താ ഒരു വഴി? കുഞ്ഞുണ്ണി ആലോചിച്ചു. പിന്നെ സാവധാനം ചായ്പിലേക്ക് നടന്നു. അവിടെയൊരു മൂലയിൽ കുപ്പി വച്ചു.

വൈകീട്ട് ഉപ്പുമാവ് കഴിക്കുമ്പോഴാണ് അവൻ ഓർത്തത്- അയ്യോ...! മീൻകുഞ്ഞുങ്ങൾക്ക് തിന്നാനൊന്നും കൊടുത്തില്ലല്ലോ.

കുഞ്ഞുണ്ണി തൈത്തടത്തിൽ കമ്പുകൊണ്ട് കിളയ്ക്കാൻ തുടങ്ങി. അവന്റെ പ്രതീക്ഷ തെറ്റിയില്ല. ഒരു മണ്ണിരയെ വലിച്ചെടുത്ത് കഷണങ്ങളാക്കി ചായ്പിലേക്കോടി.

തിരിച്ചിറങ്ങുമ്പോൾ മുറ്റത്തതാ അച്ഛൻ! 'എന്താടാ ഒരു കള്ളത്ത്രാണം?



പോ... വേഗം കുളിച്ചു വാ.'
അച്ഛന്റെ സ്വഭാവമിതാണ്; വികൃതി കാണിച്ചാൽ അന്നേരം പിടിച്ച് പൊട്ടിക്കില്ല. രാത്രി കിടക്കാൻ നേരത്താണ് കലാപരിപാടി. ഇന്നത്തെ രാത്രി കുശാലായി. കുഞ്ഞുണ്ണി അറിയാതെ ചന്തി തടവി.

രാത്രി ഭക്ഷണം കഴിച്ച് അച്ഛൻ കുഞ്ഞുണ്ണിയെ വിളിച്ചു. അവൻ പേടിയോടെ അച്ഛന്റെയടുത്തേക്കു വന്നു. അച്ഛൻ കിടക്കുകയാണ്.
"വാ... നീയിവിടെ കിടക്ക്. ഞാനൊരു കഥ പറയാം."
കുഞ്ഞുണ്ണി ആശ്ചര്യപ്പെട്ടു. ഇല്ല, അച്ഛനൊന്നും അറിഞ്ഞിട്ടില്ല!



അച്ഛൻ കഥ പറയാൻ തുടങ്ങി. 'കുമ്മാട്ടി' എന്ന സിനിമയുടെ കഥയാണ്.

'ആരമ്പത്തീരമ്പത്തൂരമ്പത്ത്...' എന്ന പാട്ടു പാടി കുമ്മാട്ടിയായ അപ്പൂപ്പൻ വരികയാണ്, ചിണ്ടൻ എന്ന കുട്ടിയുടെ ഗ്രാമത്തിലേക്ക്.

ചിണ്ടനും കൂട്ടുകാരും കുമ്മാട്ടിയുമായി ചങ്ങാത്തത്തിലായി. മൃഗങ്ങളുടെയും പക്ഷികളുടെയും മുഖംമൂടിയണിഞ്ഞ്, പാട്ടുംപാടി ആട്ടമാടുന്ന കുട്ടികളെ കുമ്മാട്ടി മൃഗങ്ങളും പക്ഷികളുമാക്കി മാറ്റി.

അവർ സന്തോഷത്തോടെ തുള്ളിയും പറന്നും കളിച്ചുകൊണ്ടിരുന്നു. ചിണ്ടൻ ഒരു നായയായി. പെട്ടെന്ന് അവർക്കിടയിലേക്ക് ഒരു നായ വന്നു. അത് നായയായ ചിണ്ടനെ കണ്ടു. അത് ചിണ്ടനു നേർക്ക് നാക്കുനീട്ടി, പല്ലുകാട്ടി മുരണ്ടുകൊണ്ട് അടുത്തു. അവൻ ഓടി. നായ പിന്നാലെയോടി. അത് ചിണ്ടനെ ദൂരേക്ക് ഓടിച്ചു. ഇതൊന്നും കുമ്മാട്ടിയോ കൂട്ടുകാരോ അറിഞ്ഞില്ല.
"അയ്യോ.. എന്നിട്ട്?" കുഞ്ഞുണ്ണി ജിജ്ഞാസുവായി.



കുമ്മാട്ടി കുട്ടികൾക്ക് മനുഷ്യരൂപം തിരിച്ചുനൽകി, മുഖംമൂടികൾ വാങ്ങി, പാട്ടും പാടി മറ്റൊരു നാട്ടിലേക്കു യാത്രയായി. കുട്ടികൾ സന്തോഷത്തോടെ വീടുകളിലേക്ക് തിരിച്ചു. എന്നാൽ ചിണ്ടനോ..?
'പാവം ചിണ്ടൻ! അവന് രൂപം തിരിച്ചുകിട്ടിയില്ലല്ലോ...' കുഞ്ഞുണ്ണിക്ക് വ്യസനമായി.
അതെ, നായയായ ചിണ്ടൻ ഒരു നഗരത്തിലെത്തി. അവിടെ ഒരു വീട്ടുകാർ അവനെ കൂട്ടിലിട്ടു.

ദിവസങ്ങൾ കഴിഞ്ഞു. ചിണ്ടന് തീരെ വയ്യാണ്ടായി. അവർ അവനെ വിട്ടയച്ചു. ചിണ്ടൻ തന്റെ നാട്ടിലേക്കോടി. വീട്ടിലെത്തി. വീട്ടിലെ തത്ത അവനെ തിരിച്ചറിഞ്ഞു. അമ്മയും അനുജത്തിയും തിരിച്ചറിഞ്ഞു.





അമ്മ അവനെ കോരിയെടുത്ത് ഉമ്മ കൊടുത്തു. പാത്രത്തിൽ കഞ്ഞി കൊടുത്തു. ചിണ്ടൻ നക്കിനക്കി കുടിച്ചു.

"അച്ഛാ... ചിണ്ടന് മനുഷ്യരൂപം കിട്ടാൻ എന്താ വഴി?"
കുഞ്ഞുണ്ണി സങ്കടത്തോടെ ആരാഞ്ഞു.
"ഒരു വഴിയേയുള്ളൂ. ആ കുമ്മാട്ടി വരണം." അച്ഛൻ കഥ തുടർന്നു.

ഋതുക്കൾ മാറിവന്നു.
ചിണ്ടന് പുറത്തു പോകാൻ പറ്റാതായി. കൂട്ടുകാരൊന്നിച്ച് കളിക്കാനോ സ്കൂളിൽ പോകാനോ കഴിയില്ലല്ലോ. ഒരു ദിവസം ചിണ്ടൻ വീട്ടുമുറ്റത്ത് കിടക്കുമ്പോൾ ദൂരെനിന്ന് ആ പാട്ടു കേട്ടു. 'ആരമ്പത്തീരമ്പത്തൂരമ്പത്ത്...' അവൻ ചാടിയെഴുന്നേറ്റ് ശരവേഗത്തിലോടി. അതെ, അത് നമ്മുടെ കുമ്മാട്ടിയായിരുന്നു.
ചിണ്ടൻ കുമ്മാട്ടിയുടെ കാൽക്കൽ വീണു.
"മോനേ..ചിണ്ടാ..!" കുമ്മാട്ടി അവനെ തിരിച്ചറിഞ്ഞു. അവനെ കെട്ടിപ്പിടിച്ച് ഉമ്മ കൊടുത്തു. ഉടനെ ചിണ്ടന് മനുഷ്യരൂപം കിട്ടി!



"ഹായ്..!" കുഞ്ഞുണ്ണി കൈയടിച്ചു.

ചിണ്ടൻ വീട്ടിലേക്കോടി.
വീട്ടിലെത്തിയ ചിണ്ടൻ ആദ്യം ചെയ്തതെന്താണെന്നറിയാമോ? ചിണ്ടൻ കൂടുതുറന്ന് തന്റെ തത്തയെ കൈയിലെടുത്ത് മുറ്റത്തേക്കിറങ്ങി. അതിനെ ആകാശത്തേക്ക് പറത്തിവിട്ടു. അത് പറന്നുപറന്ന് ആകാശത്തുള്ള പറവക്കൂട്ടത്തിലൊന്നായി ചേരുന്നത് ചിണ്ടൻ നോക്കിനിന്നു.

“എന്തുകൊണ്ടാണ് ചിണ്ടൻ തന്റെ തത്തയെ വിട്ടയച്ചത്?”
കഥ അവസാനിപ്പിച്ച് അച്ഛൻ കുഞ്ഞുണ്ണിയോട് ചോദിച്ചു.
“കൂട്ടിലിട്ട തത്തയുടെ അവസ്ഥ നായയായിരുന്നപ്പോൾ ചിണ്ടന് മനസ്സിലായി. അതുകൊണ്ടല്ലേ?”
“അതേ മോനേ. സ്വാതന്ത്ര്യത്തിന്റെ വില എത്ര വലുതാണെന്നോ!”

നേരമേറെയായിട്ടും കുഞ്ഞുണ്ണിക്ക് ഉറക്കം വന്നില്ല. കൂട്ടിലിട്ട ചിണ്ടന്റെ രൂപം മനസ്സിൽനിന്ന് പോകുന്നേയില്ല. പെട്ടെന്ന് ആ കൂട് ഒരു കുപ്പിയാകുന്നതും ചിണ്ടൻ മീൻകുഞ്ഞുങ്ങളായി മാറുന്നതും ഞെട്ടലോടെ അവൻ കണ്ടു. അവൻ ചാടിയെണീറ്റു. വിയർത്തു. തിരിഞ്ഞുംമറിഞ്ഞും കിടന്ന് അവൻ നേരം വെളുപ്പിച്ചു.

പതിവിലും നേരത്തെ എണീറ്റ് അവൻ ചായ്പിലേക്കു പോയി. കുപ്പിയെടുത്ത് ചാലിലേക്കോടി. തെളിഞ്ഞ ചാലിലേക്ക് അവൻ മീൻകുഞ്ഞുങ്ങളെ ഒഴുക്കിവിട്ടു. അവ മീൻപറ്റത്തിലേക്ക് തുഴഞ്ഞുനീങ്ങുന്നത് കുഞ്ഞുണ്ണി നോക്കിനിന്നു. അവന്റെ മുഖം പ്രസന്നമായി. അപ്പോൾ ഒരു ചാറ്റൽമഴ അവനെ തഴുകി.

(കുഞ്ഞുണ്ണിയുടെ മീൻകുഞ്ഞുങ്ങൾ, സുരേന്ദ്രൻ കാടങ്കോട്)



- കഥയിലെ ഏറ്റവും പ്രധാനമെന്നു നിങ്ങൾക്കു തോന്നിയ ഭാഗം ഏതാണ്? എന്തുകൊണ്ട്?
- സ്നേഹവും സ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ട മനുഷ്യരും ജീവികളും അനുഭവിക്കുന്ന വിഷമങ്ങളോട് നിങ്ങൾ എങ്ങനെ പ്രതികരിക്കും?

# പഠനച്ചെപ്പ്

## പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ)

| ഇനം | വിഭവം |
|---|---|
|  നോട്ടുപുസ്തകം | • ചോദ്യാവലി<br>• ചിത്രങ്ങളിൽനിന്ന് വാക്യം, സവിശേഷപ്രയോഗങ്ങൾ (വെറുംതൊട്ടിലാട്ടാതെ കാറ്റേ)<br>• കഥയ്ക്കു നൽകിയ തലക്കെട്ട് (കുഞ്ഞുണ്ണിയുടെ മീൻകുഞ്ഞുങ്ങൾ) |
|  രചനാശേഖരം | • വിവരണം - സ്വപ്നം (വെറുംതൊട്ടിലാട്ടാതെ കാറ്റേ)<br>• ഞാനൊരു കഥ പറയാം, സ്വയം തയ്യാറാക്കിയ വിവരണം, രചനാപരിചയക്കുറിപ്പ് (കുഞ്ഞുണ്ണിയുടെ മീൻകുഞ്ഞുങ്ങൾ) |
|  ഓഡിയോ | • കവിത താളമിട്ടുചൊല്ലൽ (വെറുംതൊട്ടിലാട്ടാതെ കാറ്റേ)<br>• റീഡേഴ്സ് തിയേറ്റർ (കുഞ്ഞുണ്ണിയുടെ മീൻകുഞ്ഞുങ്ങൾ) |

## പ്രത്യേക അവതരണ സന്ദർഭങ്ങൾ

| ഇനം | വിഭവം |
|---|---|
|  പ്രഭാത സർഗവേള | • എന്റെ സ്വപ്നം - വിവരണം |
|  അസംബ്ലി | • രചനാപരിചയക്കുറിപ്പ് |
|  ബാലമാസിക | • എന്റെ സ്വപ്നം - വിവരണം<br>• സ്വയം തയ്യാറാക്കിയ കഥ |





# 6

# പിന്നിട്ട പാതകൾ





വാതിൽ

**തമിഴ്**

ഇന്തിയ എനതു നാടു
എനതു സൊന്ത നാടു
ഇന്തിയ എനതു ഉയിരിനും
ഉയിരാന നാടു
ഉയിരാന നാടു



**കന്നഡ**

ഭാരത നന്ന ദേശ
നന്ന സ്വന്ത ദേശ
ഭാരത നന്ന ജീവക്കിന്ത
ജീവവാദ ദേശ
ജീവവാദ ദേശ

**ഹിന്ദി**

ഭാരത് മേരാ ദേശ്
മേരാ അപ്ന ദേശ്
ഭാരത് മേരെ ജാൻസെ ഭീ
പ്യാരാ അപ്ന ദേശ്
പ്യാരാ അപ്ന ദേശ്

- ഭാഷയുടെ കാര്യത്തിലുള്ള വൈവിധ്യം കണ്ടല്ലോ. ചിത്രത്തിലെ കുട്ടികളുടെ വേഷത്തെക്കുറിച്ച് എന്ത് മനസ്സിലാക്കാൻ കഴിയും?

# ജീവനായ നാട്

സമത്വവും സാഹോദര്യവും സ്വാതന്ത്ര്യവും
ഉയർത്തിപ്പിടിക്കുന്ന നാടാണ് നമ്മുടെ ഇന്ത്യ.
ഈ ആശയം കഥയിലും കവിതയിലും മറ്റും
പല രീതിയിൽ കടന്നുവരുന്നുണ്ട്.



## ഒറ്റപ്പൂങ്കാവിൽ

ഒരു പൂങ്കാവിലുണ്ടനേകം പൂവുകൾ
ഒരുപാടന്തരം അവയ്ക്കോരോന്നിനും
മണത്തിൽ വ്യത്യാസം നിറത്തിൽ വ്യത്യാസം
മധുവിലും കാണാം പെരുത്തു വ്യത്യാസം

ഇവയെല്ലാമുണ്ടെന്നിരുന്നാലും നാട്ടിൽ
ഇവയ്ക്കു മൊത്തത്തിൽ ഒരൊറ്റപ്പേർ - പുഷ്പം
ഇതേവിധംതന്നെ കഴിയുന്നു നമ്മൾ
ഇവിടെ നമ്മൾക്കും ഒരു പേർ - മാനവർ!



പല മതക്കാരും പല ജാതിക്കാരും
പല നിറക്കാരും പല തരക്കാരും
പല ദേശക്കാരും പല ഭാഷക്കാരും
പലരുമെങ്കിലും മനുഷ്യരാണു നാം.

നമുക്കുള്ളിലുണ്ടായിരിക്കണം സ്നേഹം
നമുക്കുണ്ടാകണമകത്തു കാരുണ്യം
ഒരു തോട്ടത്തിലെ പല പൂക്കൾപോലെ
ഒരുമിച്ചു ചിരിച്ചിടേണം നാമെല്ലാം.

(അരിപ്പക്കുട, പി. ടി. അബ്ദുറഹിമാൻ)



- കവിത താളമിട്ടു ചൊല്ലൂ. ഈ കവിതയുടെ താളത്തിന് എന്തു പ്രത്യേകതയാണ് കണ്ടെത്താനായത്?
- 'മനുഷ്യരുടെ ജാതി മനുഷ്യത്വമാണ്.' ശ്രീനാരായണഗുരു മുന്നോട്ടു വച്ച ഈ ആശയം കവിതയിൽനിന്ന് കണ്ടെത്തൂ.
- വരികളെയും ചിത്രങ്ങളെയും ചേർത്ത് വായിക്കുമ്പോൾ ഇന്ത്യയെക്കുറിച്ച് എന്തെല്ലാം കാര്യങ്ങൾ കണ്ടെത്താൻ കഴിയും?

ഒട്ടേറെ വൈവിധ്യങ്ങളുള്ള നാടാണ് ഇന്ത്യ. ഈ വൈവിധ്യങ്ങളൊക്കെ നിലനിൽക്കുക തന്നെ വേണം. അതൊടൊപ്പം നമുക്ക് ഒരൊറ്റ ജനതയായി തുടരാനും കഴിയണം. ഇത് എങ്ങനെ സാധിക്കും?

## നമ്മൾ ഇന്ത്യക്കാർ

"നാളെയാണ് റിപ്പബ്ലിക് ദിനാഘോഷം. നമ്മുടെ ക്ലാസിൽനിന്ന് ആരെങ്കിലും അതിൽ പ്രസംഗിക്കണം."

'ഞാനാവാം, ഞാനാവാം...' ടീച്ചർ പറഞ്ഞുതീരുന്നതിനുമുമ്പേ, പത്തിരുപതു കൈകൾ ഉയർന്നു.

"എല്ലാവർക്കും അവസരമുണ്ട്.

അതിനുമുമ്പ് ഒന്നുചോദിക്കട്ടെ, എന്താണീ റിപ്പബ്ലിക്?"





“നമ്മുടെ പുസ്തകത്തിൽ ഉണ്ടല്ലോ ഇത്!” നിലാവ് വലിയൊരു കണ്ടുപിടുത്തം നടത്തിയപോലെ പാഠപുസ്തകം ഉയർത്തിക്കാണിച്ചു. ക്ലാസിലെല്ലാവരും പുസ്തകം തുറന്ന് നിലാവു കാണിച്ച പേജ് നിവർത്തി വായിച്ചു.

“ടീച്ചർ, ഇതു വായിച്ചപ്പോൾ സംശയം രണ്ടായി. എന്താണ് റിപ്പബ്ലിക്? എന്താണ് ഭരണഘടന?” വിവേകിന് തലപെരുക്കുന്നതായി തോന്നി.

“റിപ്പബ്ലിക് എന്നാൽ ജനങ്ങളുടെ ഭരണം എന്നാണർത്ഥം.” ടീച്ചർ പറഞ്ഞു തുടങ്ങി.

‘ജനങ്ങളുടെ ഭരണം എന്നാൽ?’ സോനുവിന് സംശയം തീർന്നില്ല.

“അതുപറയാം., ചില രാജ്യങ്ങൾ ഭരിക്കുന്നത് രാജാക്കൻമാരാണ്. ചിലരാജ്യങ്ങളിൽ പട്ടാള ഭരണമുണ്ട്. നമ്മുടെ നാട്ടിലും രാജഭരണം ഉണ്ടായിരുന്നു. ഏറെക്കാലം നമ്മുടെ നാട് ഭരിച്ചിരുന്നത് ബ്രിട്ടീഷുകാരാണ്. അവർക്കെതിരായി  നീണ്ട സമരം നടന്നു. ഈ സമരത്തിനുനേതൃത്വം കൊടുത്തവരിൽ ചിലരെയെല്ലാം നിങ്ങൾക്കറിയാമല്ലോ. സമരത്തിനൊടുവിൽ നാം സ്വാതന്ത്ര്യം നേടുകതന്നെ ചെയ്തു.’

ടീച്ചർ തുടർന്നു: 'സ്വാതന്ത്ര്യം നേടിയ രാജ്യം ആരു ഭരിക്കും?' പുതിയൊരു പ്രശ്നം പൊന്തിവന്നു. പഴയ ചില രാജാക്കൻമാർക്ക് ഭരണം കിട്ടണമെന്നുണ്ടായിരുന്നു. ഏതെങ്കിലും മതത്തിന്റെ നിയന്ത്രണത്തിലാവണം ഇന്ത്യാരാജ്യമെന്ന് അഭിപ്രായമുള്ളവരും ഉണ്ടായിരുന്നു. എന്നാൽ കൂടുതൽ പേരും ആഗ്രഹിച്ചത് ജനാധിപത്യം വേണമെന്നാണ്.'

"ജനാധിപത്യമോ?" അഭിനന്ദ് പുരികം ചുളിച്ചു.

"ജനങ്ങൾതന്നെ നാടിന്റെ ഭരണച്ചുമതല ഏറ്റെടുക്കുന്നതാണ് ജനാധിപത്യ ഭരണം." ടീച്ചർ വ്യക്തിമാക്കി.






“രാജ്യത്തെസംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും ജനങ്ങൾക്കുതന്നെ തീരുമാനിക്കാൻ അവകാശമുള്ള നാടാണ് റിപ്പബ്ലിക്.” ഷഹീർ അടിവരയിട്ടു.

‘തീർച്ചയായും.’ ഷഹീറിന്റെ പുറത്തുതട്ടിക്കൊണ്ടു ടീച്ചർ തുടർന്നു:

“അപ്പോൾ എന്താണ് ടീച്ചർ ഭരണഘടന” വിവേക് രണ്ടാമത്തെ ചോദ്യത്തിലേക്ക് കടന്നു.

“ഒരു റിപ്പബ്ലിക് എന്ന നിലയിൽ സ്വതന്ത്ര ഇന്ത്യയുടെ ഭരണം എങ്ങനെയാവണം എന്ന് തീരുമാനിക്കണമല്ലോ. അതിനുള്ള നിയമങ്ങൾ നാംതന്നെ തയ്യാറാക്കി. അതാണ് നമ്മുടെ ഭരണഘടന. ഡോക്ടർ ബി.ആർ അംബേദ്കറുടെ നേതൃത്വത്തിലാണ് അത് എഴുതിത്തയ്യാറാക്കിയത്.”



“1949 നവംബർ 26 - ന് ഈ ഭരണഘടന നാം അംഗീകരിച്ചു. 1950 ജനുവരി 26 - ന് അത് രാജ്യമാകെ നടപ്പാക്കി. ഇന്ത്യ ഒരു റിപ്പബ്ലിക് ആയി. അതിനാലാണ് എല്ലാ വർഷവും ജനുവരി 26 റിപ്പബ്ലിക് ദിനമായി ആഘോഷിക്കുന്നത്.”

“രാജ്യത്തെ ഏറ്റവും പ്രധാന നിയമമാണ് ഭരണഘടന. നമ്മുടെ രാജ്യത്തിന്റെ പ്രത്യേകതകളെല്ലാം അതിന്റെ ആമുഖത്തിൽ ചുരുക്കി പറഞ്ഞിട്ടുണ്ട്.”

“നമ്മൾ ഇന്ത്യയിലെ ജനങ്ങൾ ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും...” ഗുൽമൊഹർ ആമുഖം വീണ്ടും വായിക്കാനാരംഭിച്ചു. അപ്പോഴേക്കും ക്ലാസിന്റെ പല ഭാഗത്തുനിന്നുമായി ചോദ്യങ്ങൾ മുളച്ചുവന്നു.





"എന്താണു ടീച്ചർ ഈ സ്ഥിതിസമത്വം?"

"മതനിരപേക്ഷരാജ്യം എന്നാൽ എന്താണ്?"

"പരമാധികാര രാജ്യമെന്നാലോ?"

"അക്കാര്യങ്ങൾ ഇനി അടുത്ത ക്ലാസിലാവാം. ഇപ്പോൾ റിപ്പബ്ലിക് ദിനത്തിൽ ആരാണ് പ്രസംഗിക്കുക എന്ന് തീരുമാനിക്കാം." ടീച്ചർ അടുത്ത കാര്യത്തിലേക്കു കടന്നു.

'നമുക്കു വോട്ടെടുപ്പു നടത്തി തെരഞ്ഞെടുക്കാം ടീച്ചർ.' മിലേവ തലയുയർത്തിപ്പറഞ്ഞു.

"തെരഞ്ഞെടുപ്പുനടത്തുമ്പോൾ എന്തെല്ലാം കാര്യങ്ങളാണ് കണക്കിലെടുക്കേണ്ടത്?" ടീച്ചർ ആരാഞ്ഞു.

"സ്റ്റേജിൽ കയറിയാൽ വിറയ്ക്കാത്ത ആളാവണം." നിലാവിന്റെ

നിലപാടാണ്.

“നന്നായി കാര്യങ്ങൾ പറയാൻ കഴിയുന്ന ഒരാളാവണം.” നാദിറ കൂട്ടിച്ചേർത്തു.

“റിപ്പബ്ലിക്ക്, ഭരണഘടന എന്നിവയെക്കുറിച്ചെല്ലാം അറിഞ്ഞ കാര്യങ്ങൾ മറക്കാതെ പറയണം, ആരായാലും.” സിദ്ധാർത്ഥ് ഓർമിപ്പിച്ചു.

“ഇതിനെല്ലാം പറ്റിയ ഒരാളെ നിർദ്ദേശിക്കാമോ?” ടീച്ചർ എല്ലാവരോടുമായി ചോദിച്ചു.

അല്പനേരം ക്ലാസ് നിശ്ശബ്ദമായി.

“നിളയാവട്ടെ.” വിനു നിർദ്ദേശിച്ചു.

“അതുകൊള്ളാം. കാരണം, ക്ലാസിലെ എന്തെങ്കിലും കാര്യങ്ങൾ ഹെഡ് ടീച്ചറോട് അറിയിക്കുമ്പോൾ അവളാണ് നന്നായി കാര്യങ്ങൾ പറയാറുള്ളത്.” നീനു പിന്താങ്ങി.

“നിള മതി, നിള മതി.” ക്ലാസ് ഒറ്റക്കെട്ടായി പറഞ്ഞു.

“എന്താ നിളേ, സമ്മതമല്ലേ?” ടീച്ചർ നിളയെ നോക്കി.

“ശ്രമിക്കാം ടീച്ചർ. ഇവരെല്ലാവരും എന്നെ സഹായിക്കണം.”

നീണ്ട കയ്യടിയോടെ ക്ലാസ് അത് അംഗീകരിച്ചു.

“ബഹുമാനപ്പെട്ട അധ്യാപകരേ, പ്രിയമുള്ള കൂട്ടുകാരേ.. എല്ലാവർക്കും നമസ്കാരം...”

പറയാനുള്ള കാര്യങ്ങൾ നിള മനസ്സിൽ കുറിച്ചുതുടങ്ങി.

- റിപ്പബ്ലിക് ദിന റാലിയിൽ കുട്ടികൾ പിടിച്ച ബാനറിൽ എന്ത് എഴുതണമെന്നാണ് നിങ്ങൾ കരുതുന്നത്?
- പാഠത്തിൽ നാം കണ്ട ക്ലാസ് നിങ്ങൾക്ക് ഇഷ്ടമായോ? എന്തുകൊണ്ട്?
- പ്രസംഗിക്കാൻ നിളയെ തെരഞ്ഞെടുത്തത് വോട്ടെടുപ്പിലൂടെയല്ലല്ലോ. ഇതു ശരിയാണോ? നിങ്ങളുടെ അഭിപ്രായം പങ്കുവയ്ക്കൂ.
- ഭരണഘടന മുന്നോട്ടുവയ്ക്കുന്ന ആശയങ്ങൾ അടിസ്ഥാനമാക്കിയാണല്ലോ സ്കൂളിന്റെ പ്രവർത്തനം. അത് ഇനിയും മെച്ചപ്പെടുത്താൻ എന്തെല്ലാം ശ്രദ്ധിക്കണമെന്നാണ് നിങ്ങൾ കരുതുന്നത്? നിർദേശങ്ങൾ പങ്കുവയ്ക്കൂ.

‘ചരിത്രം മറന്നുപോയവർക്ക് ചരിത്രം നിർമ്മിക്കാനാവില്ല’
എന്ന് ഡോ. ബി ആർ അംബേദ്കർ പറഞ്ഞിട്ടുണ്ട്.

ഈ കവിത പലതും നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്.

## ഗാന്ധിത്തൊടൽമാല



തൊട്ടു ഞാനുമ്മാ! ഗാന്ധിയെ
തൊട്ടു ഞാനുമ്മാ!
പട്ടുപോലെ നനുത്ത തോളില്
തൊട്ടു ഞാനുമ്മാ!

കടലു കരകൈയേറുമാറ്
മനുഷ്യരാകെ ഇരമ്പിയാർത്തു
വൈക്കം ജെട്ടിയിൽ ബോട്ടടുത്തു
ഗാന്ധി വന്നുമ്മാ, നാട്ടില്
കാന്തി വന്നുമ്മാ!

ഗാന്ധി കാലു വച്ചു മണ്ണിൽ
ശാന്തിവിത്തു തരിച്ചു
രണ്ടു പല്ലു പോയ മോണ-
സ്സൂരിയൻ ചിരിച്ചു
വിത്തു പൊട്ടിച്ചെടിയായി
വൈക്കമൊരു വാടിയായി

നോക്കിനിൽക്കെ, എന്തു മായം!
പൂത്തുലഞ്ഞുമ്മാ, കാന്തി
പൂത്തുലഞ്ഞുമ്മാ!

തൊട്ടു ഞാനുമ്മാ! ഗാന്ധിയെ
തൊട്ടു ഞാനുമ്മാ!
പട്ടുപോലെ തിളങ്ങുമുയിരിൽ
തൊട്ടു ഞാനുമ്മാ!

ഗാന്ധി കേറി തുറന്ന കാറിൽ
കൂടി ഞാൻ പിന്നാലെ ജോറിൽ
വള്ളിപോലെ പടർന്നു കാറിൻ
വക്കിൽ ഞാനുമ്മാ!

വന്മലയിൽ മുകിൽക്കീറ്
വീണുപെയ്യും പോലെ
വൻകടലിൽ നീർച്ചാല്
വന്നുചേരും പോലെ





തൊട്ടു ഞാനുമ്മാ! ഗാന്ധിയെ
തൊട്ടു ഞാനുമ്മാ!
പട്ടുപോലിഴചേർന്ന ഖൽബിൽ
തൊട്ടു ഞാനുമ്മാ!

പിന്നൊരുനാളിന്ത്യാ...
രണ്ടുതുണ്ടായി
കാന്തിയോടപരകാന്തി
ചേർന്നതിൽ മിന്നലുണ്ടായി.
തൊട്ടടുത്തുനിന്നു പാഞ്ഞൂ
മൂന്നു തീയുണ്ട...
മുട്ടിലൊന്നു നിന്നു; പിന്നെ
വീണുപോയിന്ത്യ...

(അൻവർ അലി)

- കവിത താളമിട്ട് ചൊല്ലൂ.
- ഗാന്ധിവധം യഥാർത്ഥത്തിൽ ഒരാളെക്കൊല്ലലല്ല, ഇന്ത്യയെക്കൊല്ലലാണ്. ഇക്കാര്യം കവിതയിൽ എങ്ങനെയാണ് പറഞ്ഞിട്ടുള്ളത്?
- ഗാന്ധിജിയെക്കാണാൻ നിരവധി ആളുകൾ ഒരുമിച്ചെത്തി എന്നത് കവിതയിൽ എങ്ങിനെയാണ് അവതരിപ്പിച്ചിട്ടുള്ളത്? ഇതുപോലുള്ള മറ്റു പ്രയോഗങ്ങൾ കവിതയിൽനിന്ന് കണ്ടെത്തൂ.
- ഗാന്ധി കാലുവെച്ചുമണ്ണിൽ ശാന്തിവിത്തു തരിച്ചു - ഇതുകൊണ്ടെന്താണ് അർത്ഥമാക്കുന്നത്?
- "വന്മലയിൽ മുകിൽക്കീറ് വീണുപെയ്യും പോലേ, വൻകടലിൽ നീർച്ചാല് വന്നുചേരും പോലെ" - ഇതുപൊലെ അക്ഷരങ്ങളും വാക്കുകളും ആവർത്തിച്ച് ഭംഗികൂട്ടിയ മറ്റേതെല്ലാം വരികൾ കവിതയിൽനിന്ന് കണ്ടെത്താനാവും?

# പഠനച്ചെപ്പ്

## പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ)

| ഇനം | വിഭവം |
| --- | --- |
| നോട്ടുപുസ്തകം | • പ്രസംഗം (നമ്മൾ ഇന്ത്യക്കാർ)<br>• എന്റെ ഇന്ത്യ - കുറിപ്പ് (വാതിൽ)<br>• കവിതയിലെ പ്രയോഗങ്ങൾ (ഗാന്ധിത്തൊടൽമാല)<br>• എന്റെ വിദ്യാലയം -മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ (നമ്മൾ ഇന്ത്യക്കാർ) |
| രചനാശേഖരം | • എന്റെ ഇന്ത്യ - കുറിപ്പ് (വാതിൽ)<br>• മാലപ്പാട്ടിന്റെ രീതിയിൽ നിർമ്മിച്ച വരികൾ (ഗാന്ധിത്തൊടൽമാല).<br>• രചനാപരിചയക്കുറിപ്പ് (ഗാന്ധിത്തൊടൽമാല, ഒറ്റപ്പൂങ്കാവിൽ) |
| ഓഡിയോ | • പ്രസംഗം (നമ്മൾ ഇന്ത്യക്കാർ) |

## പ്രത്യേക അവതരണ സന്ദർഭങ്ങൾ

| ഇനം | വിഭവം |
| --- | --- |
| പ്രഭാത സർഗവേള | • ഭാവാത്മകവായന (നമ്മൾ ഇന്ത്യക്കാർ)<br>• കവിത താളമിട്ടുചൊല്ലൽ (വാതിൽ, ഒറ്റപ്പൂങ്കാവിൽ, ഗാന്ധിത്തൊടൽമാല) |
| ബാലസഭ | • കവിത താളമിട്ടുചൊല്ലൽ (വാതിൽ, ഒറ്റപ്പൂങ്കാവിൽ, ഗാന്ധിത്തൊടൽമാല)<br>• കവിത ദൃശ്യാവിഷ്കാരം (വാതിൽ)<br>• പ്രസംഗം (നമ്മൾ ഇന്ത്യക്കാർ) |
| അസംബ്ലി | • പ്രസംഗം (നമ്മൾ ഇന്ത്യക്കാർ) |
| നവമാധ്യമം | • കവിത താളമിട്ടുചൊല്ലൽ (വാതിൽ, ഒറ്റപ്പൂങ്കാവിൽ, ഗാന്ധിത്തൊടൽമാല)<br>• പ്രസംഗം (നമ്മൾ ഇന്ത്യക്കാർ)<br>• കവിത ദൃശ്യാവിഷ്കാരം (വാതിൽ) |



# ഓർമ്മകളുണരുമ്പോൾ

കഴിഞ്ഞ കാലമൊക്കെ മറഞ്ഞിരിക്കുന്നുണ്ട്, ഭാഷയിൽ. കഥകളും കവിതകളും മറ്റും വായിക്കുമ്പോൾ നമുക്കുള്ളിൽ അതെല്ലാം തെളിഞ്ഞുവരും.

## എനിക്കൊരു മാമ്പഴം

“കാറ്റേ വാ... കടലേ വാ...
എനിക്കൊരു മാമ്പഴം തന്നേ പോ...”

എന്റെ ചെറുപ്പത്തിൽ - എന്റെ ജീവിതം തളിരായിരുന്നപ്പോൾ, എന്നു പറഞ്ഞാൽ ഏതാണ്ട് മുക്കാൽ നൂറ്റാണ്ടുമുമ്പ് - ഞങ്ങൾ കുട്ടികൾ ചൊല്ലിനടന്ന ഒരു നാടൻപാട്ടാണിത്.



ഇരുപത്തൊന്നാം നൂറ്റാണ്ടിലെ കുട്ടികളായ നിങ്ങൾക്ക് അന്നത്തെ കാര്യങ്ങൾ അറിയാൻ കൗതുകം കാണുമല്ലോ, ഇല്ലേ?

വൈക്കം താലൂക്കിൽ മുളക്കുളം എന്ന ഗ്രാമപ്രദേശത്താണ് എന്റെ വീട്. ചെമ്മനം എന്നതു വീട്ടുപേര്.

പ്രകൃതിക്കിടയിൽ ഓടിക്കളിച്ചുകഴിഞ്ഞ ബാല്യകാലമായിരുന്നു ഞങ്ങളുടേത്. ഇന്ന് അവിടെയെല്ലാം റബ്ബർമരങ്ങൾ മാത്രം! ആറുവയസ്സിലാണ് അന്ന് ഒന്നാം ക്ലാസ്സിൽ ചേർക്കുന്നത്. അതിനുമുന്നം ആശാൻപള്ളിക്കൂടത്തിലാണു പഠനം. മിക്ക ദിക്കുകളിലും പേരുകേട്ട ആശാന്മാരുണ്ടാകും. പാകംചെയ്തെടുത്ത കരിമ്പനയുടെ ഓലയിൽ നാരായംകൊണ്ട് ആശാൻ അക്ഷരങ്ങൾ എഴുതിത്തരുന്നു.

അ, ആ, ഇ, ഈ... എന്നിങ്ങനെ സ്വരാക്ഷരങ്ങളും ക, ച, ട ത, പ ആദിയായ വ്യഞ്ജനാക്ഷരങ്ങളും കൂട്ടക്ഷരങ്ങളും കുട്ടി പഠിക്കുന്ന ക്രമമനുസരിച്ച് ഓലയിൽ എഴുതിത്തരും.

തല്ലിമെഴുകിയ നിലത്തു മണൽവിരിച്ച് മണലിൽ വിരൽകൊണ്ടാണ് എഴുത്ത്. എഴുതുന്നത് ഉച്ചത്തിൽ ചൊല്ലുകയും വേണം. ഉച്ചാരണശുദ്ധി ആശാൻ പ്രത്യേകം നിഷ്കർഷിക്കുന്ന കാര്യമാണ്. തെറ്റിച്ചാൽ ചെവി പൊന്നാക്കിയതുതന്നെ!

മണൽ കൊണ്ടുപോകുന്നത് തേങ്ങയിൽ നിന്നും രൂപപ്പെടുത്തിയെടുക്കുന്ന കുടുക്കയിലാണ്.



അക്ഷരങ്ങൾ പഠിച്ചുകഴിയുമ്പോൾ 'ഓലപിടിത്തം' എന്ന ചടങ്ങുണ്ട്. ഒരു കുട്ടി ഓലപിടിക്കുന്ന ദിവസം എല്ലാ കുട്ടികൾക്കും കോളാണ്. അവിൽ വിളയിച്ചതും ചക്കരക്കാപ്പിയും ഉറപ്പ്.

ആൺകുട്ടികളുടെ വേഷം കോണകവും ചുട്ടിക്കരയുള്ള ചെറിയ മുണ്ടും ആയിരുന്നു. നിക്കർ അന്നു ഗ്രാമാന്തരങ്ങളിൽ തലകാണിച്ചിട്ടില്ല. അതേസമയം പെൺകുട്ടികൾക്ക് അരപ്പാവാട സാധാരണമായിരുന്നു. സ്കൂളിൽനിന്നുവന്നാൽ ഓട്ടവും ചാട്ടവും പന്തുകളിയും ഗോലികളിയും കുളത്തിൽച്ചാടി നീന്തലും മറ്റുമാണ്, കുട്ടികൾക്ക്. ട്യൂഷൻ എന്നത് കേട്ടിട്ടുപോലുമില്ല.

അവധിദിവസത്തെ കാര്യം പറയാനുമില്ല. മലയിൽപ്പോയി കശുമാങ്ങ പറിച്ചുതിന്ന് വയറുവീർപ്പിക്കും. കശുവണ്ടി ശേഖരിച്ചുവയ്ക്കും. കുരുമുളകു പറിക്കുമ്പോൾ താഴെ വീഴുന്ന തിരികളും മണിയുമെല്ലാം പെറുക്കിയെടുക്കുന്നത് പിള്ളേരുടെ അവകാശമാണ്. കശുവണ്ടിയും മുളകുമെല്ലാം വിറ്റുകിട്ടുന്ന കാശ് പിള്ളേർക്കു തരും. അത് പള്ളിപ്പെരുന്നാളിന് ഉഴുന്നാടയും ഓറഞ്ചും മറ്റും വാങ്ങാനുള്ള സമ്പാദ്യമാണ്.







ധനു, മകരം
മാസങ്ങളിലൊക്കെ ഭയങ്കര
തണുപ്പാണ്. അതിരാവിലെ
കരിയിലകൾ വാരിക്കൂട്ടി
കത്തിച്ച് തീകായുന്നതിന്റെ
സുഖം ഒന്നുവേറെത്തന്നെ!

മാമ്പഴത്തിന്റെ കാര്യം
പറഞ്ഞില്ലല്ലോ.
മധ്യവേനലവധിക്കാലം
പൊതുവെ
മാമ്പഴക്കാലമാണ്.
പറമ്പുകളിൽ നാട്ടുമാവും
കോട്ടമാവും ഉണ്ട്.
നാട്ടുമാവിന്റെ മാങ്ങ
ചെറുതാണ്, പുളി കൂടും; പഴുക്കുമ്പോൾ നല്ല മധുരവും. കോട്ടമാങ്ങ
വലുതാണ്, പുളി കുറവും; സാമാന്യം നല്ല മധുരവും ഉണ്ടാവും. പുളിയും
മധുരവുമെല്ലാം മാവിനനുസരിച്ച് ഏറ്റക്കുറച്ചിലുണ്ട്.

ചില നാട്ടുമാവിന്റെ മാങ്ങ ചെറുതായിരിക്കും. അതിന്റെ മാമ്പഴം
തൊലികളഞ്ഞ് വായിലിട്ട് ഈമ്പിയീമ്പി തിന്നാവുന്നതേയുള്ളൂ.

വലിയ നാട്ടുമാമ്പഴവും കോട്ടമാമ്പഴവും തൊണ്ടുചെത്തി പൂളിത്തിന്നണം.
പലരും തിന്നാൻ
നോക്കിനിൽക്കെ ഒരാളാകും
തൊണ്ടുചെത്തുന്നത്.
അതിനാൽ ആദ്യത്തെ
പൂളിന് 'കൊതിപ്പൂള് '
എന്നായിരുന്നു പേര്.
കൂടുതൽ ദശപ്പുള്ള
അടുത്ത പൂളിന് 'പള്ളപ്പൂള് '
എന്നുപറയുന്നു. അടുത്ത
പൂള് മാങ്ങയുടെ
ആകൃതിയനുസരിച്ച്
വളഞ്ഞിരിക്കും.
അതിനാൽ അതിന്റെ പേര്
'കോടാലിപ്പൂള് '



എന്നാകുന്നു. ഇങ്ങനെ എല്ലാ പൂളും പൂളിക്കഴിഞ്ഞാൽ നുറുക്കിത്തിന്നുന്നു. മാങ്ങാണ്ടി ദൂരേക്കെറിയുന്നു. ഹായ്, നാക്കിൽ വെള്ളമൂറുന്നു!

അതിരാവിലെ വലിയപെങ്ങളും കൊച്ചുപെങ്ങളും എഴുന്നേറ്റ് മാവിന്റെ ചുവട്ടിൽ വീണുകിടക്കുന്ന മാമ്പഴമെല്ലാം പെറുക്കി വീട്ടിൽ കൊണ്ടുപോകും. ഉച്ചകഴിഞ്ഞാണ് കൂടുതൽ കാറ്റും മാമ്പഴവീഴ്ചയും.



അതിനാൽ ഉച്ചതിരിഞ്ഞ് രണ്ടര മണിയാകുമ്പോഴേക്കും കുട്ടികളുടെ 'കൊതിയസമാജം' വരിക്കമാവിന്റെ ചുവട്ടിൽ കൂടും.

ചില ദിവസം നല്ല കാറ്റൂതും. പെട്ടെന്നുപെട്ടെന്ന് മാമ്പഴം കിട്ടും. ചില ദിവസം മാമ്പഴവീഴ്ച തീരെ കുറവായിരിക്കും. മുകളിൽ ചോരക്കുടംപോലെ പഴുത്തു നിൽക്കുന്നതു ഞങ്ങൾക്കു കാണുകയും ചെയ്യാം. വലിയ ഇച്ഛാഭംഗമാണ് മനസ്സിൽ, മാമ്പഴം വീഴാത്തതിൽ.

അപ്പോൾ വലിയപെങ്ങളും കൊച്ചുപെങ്ങളും ഞങ്ങളെ പറ്റിക്കാൻ പറഞ്ഞുതന്ന ചില സൂത്രവിദ്യകളുണ്ട്, പ്രയോഗിക്കാൻ. അവരെ മൂത്തചേട്ടന്മാർ പറഞ്ഞുപറ്റിച്ചത് പകർന്നുകിട്ടിയതാണ്.

പഴുത്ത മൂന്നുമാവില ചുവട്ടിൽ വീണുകിടക്കുന്നതെടുത്തു തലയിൽ വയ്ക്കണം. ഓരോരുത്തരും മാവിലകൾക്കു



മുകളിൽ മാമ്പഴത്തെക്കാൾ വലിയ ഓരോ കല്ലെടുത്തു വയ്ക്കണം. എന്നിട്ട് രണ്ടു കൈകൊണ്ടും കല്ലിൽ പിടിച്ച് മാമ്പഴം വീഴുന്നതുവരെ ഈ പാട്ടുപാടിക്കൊണ്ട് മാവിനു ചുറ്റും നടക്കണം.

"കാറ്റേ വാ കടലേ വാ
എനിക്കൊരു മാമ്പഴം തന്നേ പോ
ആറ്റേ വാ കിളിയേ വാ
എനിക്കൊരു മാമ്പഴം കൊത്തിയിടോ
ചെലെചെലെ ചെലച്ചുകൊണ്ടണ്ണാനേ വ-
ന്നെനിക്കൊരു മാമ്പഴം കുലുക്കിയിടോ?"

ചിലപ്പോൾ പെട്ടെന്നു മാമ്പഴം വീഴും. കേവലം യാദൃച്ഛികതയാണ്. ഞങ്ങൾ ഇലയും കല്ലുമെല്ലാം ഇട്ടിട്ടോടും. ആദ്യം പെറുക്കിയെടുക്കുന്നയാളാണ് കേമൻ. പിന്നെയും ഒരു മന്ത്രവാദംപോലെ പാട്ടു തുടരും. ചില ദിവസം എത്ര പാടിയാലും മാമ്പഴം വീഴുകയില്ല. ഞങ്ങൾക്കൊക്കെ സങ്കടമാകും. മാമ്പഴം വീഴുന്ന ദിവസം തുള്ളിച്ചാടി പാടുന്ന ഞങ്ങൾ, മാമ്പഴം വീഴാത്ത ദിവസം ഏങ്ങിക്കരയുന്ന മട്ടിൽ അഭിനയിച്ചു പാടുമായിരുന്നു.

കാറ്റും ആറ്റക്കിളികളും മെല്ലെമെല്ലെ ചിലയ്ക്കുന്ന അണ്ണാനും എല്ലാംകൂടി, പ്രകൃതി മനസ്സിൽ ഒട്ടിപ്പിടിക്കുന്നതായിരുന്നു എന്റെ ബാല്യകാലം. എൺപത്തേഴു കഴിഞ്ഞ് എൺപത്തെട്ടാം വയസ്സിൽനിന്നുകൊണ്ട് ഇന്നോർക്കാൻ എന്തു രസം, എന്റെ ഓമനകളേ!

(ചെമ്മനം ചാക്കോ)

- 'നക്ഷത്രങ്ങളിലേക്ക് മിഴി തുറന്നൊരാൾ' എന്ന പാഠത്തിലെ കഥപറച്ചിൽരീതിയും ഇതിലെ രീതിയും തമ്മിൽ എന്തുവ്യത്യാസ മാണുള്ളത്?
- 'കാറ്റേ വാ കടലേ വാ' എന്ന പാട്ട് ഓരോ സന്ദർഭത്തിലും ഓരോ രീതിയിൽ പാടുമെന്ന് പറയുന്നുണ്ട്. എങ്ങനെയെല്ലാം പാടാം?
- എൺപതോ തൊണ്ണൂറോ വർഷം മുമ്പുള്ള കേരളത്തിലെ ഒരു ഗ്രാമത്തിൽ ജീവിച്ച കുട്ടിയുടെ ജീവിതമാണ് ചെമ്മനം ചാക്കോയുടെ ആത്മകഥയിലുള്ളത്. അക്കാലത്തെ ജീവിതവും ഇന്നത്തെ ജീവിതവും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തി കൂട്ടുകാരുമായി പങ്കുവയ്ക്കൂ.

# പഠനച്ചെപ്പ്

| പഠനത്തെളിവുകൾ (പോർട്ട്ഫോളിയോ) | |
|---|---|
| ഇനം | വിഭവം |
|  നോട്ടുപുസ്തകം | • പുതിയ വാക്കുകൾ അർഥം അകാരാദിക്രമത്തിൽ.<br>• ഭാഷാപ്രയോഗങ്ങൾ, അനുഭവവിവരണം, കുട്ടിയുടെ വിചാരങ്ങൾ<br>• പണ്ട് പണ്ട് വിവരണം |
|  രചനാശേഖരം | • നിശ്ചിത മാതൃകയിൽ നിർമ്മിച്ച വരികൾ (എനിക്കൊരു മാമ്പഴം) |

| പ്രത്യേക അവതരണ സന്ദർഭങ്ങൾ | |
|---|---|
| ഇനം | വിഭവം |
|  പ്രഭാത സർഗവേള | • ഭാവാത്മകവായന |
|  ബാലസഭ | • ഭാവാത്മകവായന |
|  ബാലമാസിക | • സാങ്കല്പിക ആത്മകഥ<br>• ആത്മകഥ |
|  നവമാധ്യമം | • സാങ്കല്പിക ആത്മകഥ<br>• ആത്മകഥ |

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.


**ബന്ധപ്പെടേണ്ട വിലാസം:**

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in


ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***